# പത്രൊാസ് എഴുതിയ ഒന്നാം ലേഖനം

## മുഖവുര

ഏഷ്യാമൈനറിൽ ചിതറിപ്പാർക്കുന്ന ക്രിസ്ത്യാനികൾക്ക് ഈ ലേഖനം എഴുതിയിരിക്കുന്നു. അവർ വിശ്വാസത്തിനുവേണ്ടി പീഡ അനുഭവിച്ചിരുന്നു. അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമായിട്ടാണ് പത്രൊാസു തന്റെ രണ്ടു ലേഖനങ്ങൾ എഴുതിയത്. ഒന്നാം ലേഖനത്തിൽ വിശ്വാസികൾ പുറത്തുനിന്നും അനുഭവിക്കുന്ന ഉപദ്രവങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ രണ്ടാം ലേഖനം ദുരുപദേഷ്ടാക്കളിൽനിന്നും സഹിക്കേണ്ടിവന്ന ആപത്തിനു പ്രാധാന്യം നൽകുന്നു.

ദൈവജനം ക്രിസ്തുവിനുവേണ്ടി കഷ്ടം അനുഭവിക്കുവാൻ പദവി ലഭിച്ചവരാണ് (ഫിലി. 1:29). അവന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു (2:21). അവർ കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവർ ആയിരിക്കണം. നീതി നിമിത്തം കഷ്ടം സഹിക്കുമ്പോൾ അവർ സന്തോഷിക്കണം (3:14). അതിനു ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കണമെന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. കഷ്ടങ്ങളുടെ മദ്ധ്യത്തിൽ വിശ്വാസികളുടെ സ്വഭാവവും പെരുമാറ്റവും അനിന്ദ്യമായിരിക്കണം (2:16). നന്മ ചെയ്യുന്നതിൽ ശുഷ്കാന്തിയുള്ളവരും ഭീഷണിയിൽ ഭയപ്പെടാതെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരുമാകുവാൻ ഈ ലേഖനം ഉദ്ബോധിപ്പിക്കുന്നു. വിശ്വാസികൾ അന്യോന്യം കീഴ്പ്പെടുന്നവരും ദൈവസന്നിധിയിൽ താഴ്മയുള്ളവരും ആകണം. നമ്മുടെ ദൈവം നീക്കുപോക്കുകളുടെ ദൈവം ആകുന്നു. അവന്റെ സ്നേഹമുള്ള കരങ്ങളുടെ കീഴിൽ അമർന്നിരിക്കുന്നവർ ഉയർത്തപ്പെടും. കഷ്ടതയിൽ സന്തോഷിക്കുന്ന മനോഭാവമാണ് യഥാർത്ഥ ആത്മീയ ജീവിതത്തിന്റെ ലക്ഷണം.

ലേഖന കർത്താവ് അപ്പൊസ്തലനായ പത്രൊാസ് ആകുന്നു. റോമിൽ നിന്നും എ.ഡി. 64 ൽ ഈ ലേഖനം എഴുതി എന്നു കരുതുന്നു. ലേഖനം എഴുതുവാൻ ശീലാസ് (സില്വാനൊസ്) സഹായിച്ചു എന്നു മനസ്സിലാക്കാം (5 :12).

പത്രൊാസ് ക്രിസ്തുവിനെ അനുഗമിച്ച ആദ്യശിഷ്യന്മാരിൽ ഒരുവനായിരുന്നു. അവൻ സകലവും വിട്ടു ക്രിസ്തുവിനെ അനുഗമിച്ചു (ലൂക്കൊ. 5:1–11). പത്രൊാസ് അപ്പൊസ്തലന്മാരിൽ ഒരുവനായിരുന്നു. അയോഗ്യനായിരുന്ന തന്നെ ദൈവം തന്റെ അനാദിനിർണ്ണയപ്രകാരം തിരഞ്ഞെടുത്തു എന്നുള്ള ബോധം പത്രൊാസിനുണ്ടായിരുന്നു. കർത്താവിനോട് അടുപ്പം പുലർത്തിയിരുന്നവനും അവന്റെ മഹത്വം ദർശിച്ചവനുമായിരുന്നു പത്രൊാസ് (2 പത്രൊ. 1:18). ക്രിസ്തുവിനെക്കുറിച്ചുള്ള ഉന്നതമായ അറിവു ലഭിച്ചവനും അതു സാക്ഷിക്കുവാൻ പദവിയും ധൈര്യവും ഉള്ളവനായിരുന്നു താൻ. പത്രൊാസിന്റെ വിശ്വാസജീവിതത്തിൽ ഉയർച്ചയുടെയും താഴ്ചയുടെയും അനുഭവങ്ങൾ ഉണ്ടായിരുന്നു. കർത്താവിനെ തള്ളിപ്പറഞ്ഞ അവനെ തേടിവന്ന ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മുൻപിൽ സ്വന്ത ബലഹീനതകൾ സമ്മതിച്ചുകൊണ്ട് അവനെ സമ്പൂർണ്ണമായി സമർപ്പിച്ചു. അങ്ങനെ സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു എന്ന് അനുഭവത്തിൽനിന്നും സാക്ഷിക്കുവാൻ പത്രൊാസിനു സാധിച്ചു (4:8). അവൻ ഗുരുവിനെ അന്ത്യത്തോളം വിശ്വസ്തതയോടെ സേവിച്ചു. നീറോ ചക്രവർത്തിയുടെ പീഡനകാലഘട്ടത്തിൽ പത്രൊാസ് രക്തസാക്ഷിയായിത്തീർന്നു എന്നു വിശ്വസിക്കപ്പെടുന്നു.

### അദ്ധ്യായം 1

## അഭിവാദനം (1:1,2)

എഴുത്തുകാരൻ പത്രൊാസാണ്. ക്രിസ്തുവിന്റെ അപ്പൊസ്തലനാകു വാൻ അവനു പദവി ലഭിച്ചു. ശീമോൻ പത്രൊാസ് എന്ന പേരിലും അറിയപ്പെട്ടിരുന്നു. ശീമോൻ എന്നത് എബ്രായനാമവും പത്രൊാസ് എന്നതു ഗ്രീക്കുനാമവും ആണ്. ക്രിസ്തു അവനു കേഫാ എന്ന അരാമ്യ നാമം നൽകുന്നതായി കാണാം (യോഹ. 1:42). അതിന്റെ ഗ്രീക്കു തർജ്ജമയാണ് പത്രൊാസ് എന്ന പേർ. അപ്പൊസ്തലൻ എന്നതിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. ക്രിസ്തുവിന്റെ അധികാരത്തോട് അയയ്ക്കപ്പെട്ടവനായിരുന്നു പത്രൊാസ്. അപ്പൊസ്തലന്മാർ മുഖാന്തരം നൽകിയിട്ടുള്ള ഉപദേശസത്യങ്ങൾ ക്കു കാലപ്പഴക്കംകൊണ്ടു മാറ്റം സംഭവിക്കുന്നില്ല. അതു പരിശുദ്ധാത്മനിയോഗത്താൽ രേഖപ്പെടുത്തി നൽകിയിട്ടുള്ളതാണ്.

ചിതറിപ്പാർക്കുന്ന ദൈവജനത്തിനാണ് ഈ ലേഖനം എഴുതിയത്. സുവിശേഷം നിമിത്തം ചിതറിപ്പാർക്കുവാൻ അവർ നിർബ്ബന്ധിക്കപ്പെട്ടു. അവർ പരദേശികൾ ആണ്. അവരുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു (ഫിലി. 3:20). ഈ ലോകം വിശ്വാസികൾക്കു സ്വന്തദേശം അല്ല. ഇവിടെ നാം അന്യരാണ്, പ്രവാസികളാണ്. നാം ലോകത്തിൽ ജീവിക്കുന്നവരെങ്കിലും ലോകത്തിനുള്ളവരല്ല (യോഹ. 17:16). സഭയ്ക്കു വലിയ ഉപദ്രവം നേരിട്ടതിന്റെ ഫലമായി ചിതറിപ്പോയവർ അന്ത്യോക്യയോളം എത്തുകയും സുവിശേഷം ഘോഷിക്കയും ചെയ്തു (പ്രവൃ. 8:1). ഭൂലോകമൊക്കെയും ക്രിസ്തുവിന്റെ സാക്ഷികൾ ആകണം എന്നു ക്രിസ്തു ശിഷ്യന്മാരോടു കല്പിച്ചിരുന്നു.

എന്നാൽ അവർ അതിനു മനസ്സുള്ളവരായില്ല. തൽഫലമായി സഭയ്ക്ക് ഉപദ്രവം ഉണ്ടാകയും ശിഷ്യന്മാർ ചിതറപ്പെടുകയും ചെയ്തത് ദൈവിക ആലോചനയായിരുന്നു എന്നു മനസ്സിലാക്കാം.

അന്നു സഭയിൽ ഉണ്ടായിരുന്നവർ എബ്രായ ക്രിസ്ത്യാനികൾ ആയിരുന്നു. ചിതറിപ്പോയവർ ജാതികളോടു സുവിശേഷം ഘോഷിച്ചു. അവർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. ജാതികളേയും ദൈവം ആദരിച്ചു എന്ന സത്യം അംഗീകരിക്കുവാൻ യെഹൂദന്മാർക്കു ബുദ്ധിമുട്ടുണ്ടായിരുന്നു. തൽഫലമായി സഭയ്ക്കു യെഹൂദന്മാരിൽനിന്നും ഉപദ്രവം ഉണ്ടായി. ക്രിസ്തുമാർഗ്ഗം ഭൂമുഖത്തുനിന്നും തുടച്ചുമാറ്റുവാൻ അവർ പരിശ്രമിച്ചിരുന്നു. നീറോ ചക്രവർത്തിയുടെ മതപീഡയും അന്നു വിശ്വാസികൾക്കു സഹിക്കേണ്ടിവന്നിരുന്നു. അങ്ങനെ യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടു വന്ന വിശ്വാസികൾ അഗ്നിശോധന സഹിക്കുവാൻ ഇടയായി. അവർ വിശ്വാസത്തിൽ ഉറപ്പുള്ളവരും പ്രത്യാശയിൽ സ്ഥിരതയുള്ളവരുമാകുവാനാണ് ഈ ലേഖനം എഴുതിയിട്ടുള്ളത്.

ഏഷ്യാമൈനറിലെ അഞ്ചു പ്രദേശങ്ങളിൽ ചിതറിപ്പാർക്കുന്ന ക്രിസ്തു ശിഷ്യന്മാർക്കാണ് പത്രൊസ് വന്ദനം അറിയിക്കുന്നത്. അത് ഇന്നത്തെ ടർക്കിയിലെ അഞ്ചു പ്രദേശങ്ങൾ ആണ്. പ്രവാസികൾ എന്ന പ്രയോഗം യെഹൂദക്രിസ്ത്യാനികളെക്കുറിച്ചാണ് കൂടുതൽ യോജിക്കുന്നത്. അവർ വൃതന്മാരാകുന്നു. അതിന്റെ അർത്ഥം തിരഞ്ഞെടുക്കപ്പെട്ടവർ എന്നാണ്. കൃപയാലുള്ള തിരഞ്ഞെടുപ്പിൽ ഉൾപ്പെട്ടവരും തിരുഹിതപ്രകാരം പരദേശികളായി പാർക്കുവാൻ നിയോഗിക്കപ്പെട്ടവരുമാണ് വൃതന്മാർ. അവർ പിതാവിനാൽ മുന്നറിയപ്പെട്ടവരാണ്. പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചവരാണ്. ക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ടവരും ആകുന്നു. ത്രിയേക ദൈവത്തിന്റെ പ്രവൃത്തികൾ ആണ് ഇവ. പിതാവായ ദൈവം സകലവും മുന്നമെ അറിഞ്ഞു തിരുഹിതപ്രകാരം സകലവും ചെയ്യുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ ഈ സത്യം വ്യക്തമായി കാണാം (പ്രവൃ. 2:23, 1 പത്രൊ. 1:20). വിശ്വാസികളോടുള്ള ബന്ധത്തിലും ഇതു സത്യമാകുന്നു (റോമർ 8:29, 11:2). പരിശുദ്ധാത്മാവു വിശുദ്ധിയുടെ ആത്മാവാകുന്നു. പാപബോധവും പശ്ചാത്താപവും ഉളവാക്കുന്നതു പരിശുദ്ധാത്മാവാണ്. രക്ഷിക്കപ്പെടുന്നവരിൽ പരിശുദ്ധാത്മാവ് അധിവസിച്ചു ദൈവത്തിനായി അവരെ വേർപ്പെടുത്തുന്നു. നമ്മുടെ വിശുദ്ധി പരിശുദ്ധാത്മാവിന്റെ വിശുദ്ധിയാണ്. വിശുദ്ധീകരണം കൂടാതെ ദൈവത്തെ അറിയുവാൻ കഴിയുന്നതല്ല (എബ്രാ. 12:14). അത് അനുദിനം വിശ്വാസികളിൽ നടക്കുന്ന ആത്മീയ പ്രക്രിയ ആകുന്നു. അപ്പോൾ നാം ദൈവത്തിനു പ്രയോജനമുള്ളവർ ആകും. അതിനായി ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു.

ദൈവമക്കൾ ദൈവത്തെ അനുസരിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെടുന്നതിനു മുൻപു നാം അനുസരണക്കേടിന്റെ മക്കൾ ആയിരുന്നു (എഫെ. 2:1,2). പിതാവിനെ അറിഞ്ഞു സ്നേഹിക്കുന്നവർക്കു മാത്രമേ അവനെ അനുസരിക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന്റെ മാതൃക നാം അനുകരിക്കുന്നവർ ആകണം (എബ്രാ. 5:8). വൃതന്മാർ ദൈവത്തിന്റെ പ്രിയമക്കൾ ആണെന്നുള്ള ബോധം ഉള്ളവർ ആകുമ്പോൾ അവനെ അനുസരിക്കുന്നവർ ആകും.

ക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ടവരാണ് ദൈവമക്കൾ. അതു നമ്മുടെ രക്ഷയെയും, ശുദ്ധീകരണത്തെയും, ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കപ്പെടുന്നതിന്റെയും നിഴലായി പഴയനിയമത്തിൽ വിവരിച്ചിട്ടുണ്ട്. യിസ്രായേൽ പെസഹയും ചോരത്തളിയും ആചരിച്ചു സംഹാരദൂതനിൽനിന്നും രക്ഷപ്പെട്ടു. കുഷ്ഠരോഗി രക്തംതളിയിൽക്കൂടി ശുദ്ധീകരണം പ്രാപിച്ചു. അഹരോനെയും പുത്രന്മാരെയും രക്തം തളിച്ചു ശുശ്രൂഷയ്ക്കു പ്രതിഷ്ഠിച്ചു. ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7,9). അവന്റെ രക്തം പുതിയനിയമത്തിന്റെ രക്തമാണ് (മത്താ. 26:27,28). അതിന്റെ അനുഗ്രഹങ്ങൾ നിത്യമാണ്. യിസ്രായേൽ കല്പനകൾ ലംഘിച്ചതിനാൽ പഴയനിയമം സാദ്ധ്യത ഇല്ലാത്തതായി. ക്രിസ്തുവിന്റെ അനുസരണത്തിന്റെ അടിസ്ഥാനത്തിൽ പുതിയനിയമം സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് അതു നിത്യനിയമം ആകുന്നു. അതിൽ ആശ്രയിക്കുന്നവർക്കുള്ള രക്ഷ നിത്യരക്ഷയാകുന്നു (എബ്രാ. 7:22-25). ക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ടവരുടെ അനുഗ്രഹങ്ങൾ ആണ് ഇവിടെ കാണുന്നത്. അങ്ങനെ വൃതന്മാർ ന്യായവിധിയിൽനിന്നും വിടുവിക്കപ്പെട്ടവരും ശുദ്ധീകരണം ലഭിച്ചവരുമാകുന്നു. ക്രിസ്തു തന്റെ തിരുരക്തം ചിന്തി സ്ഥാപിച്ച നിത്യനിയമത്തിനു നാം ഓഹരിക്കാരും അവനെ ശുശ്രൂഷിപ്പാൻ വേർതിരിക്കപ്പെട്ട പുരോഹിതവർഗ്ഗവുമാണ്. അങ്ങനെയുള്ള വൃതന്മാർക്കു കൃപയും സമാധാനവും ആശംസിച്ചുകൊണ്ടാണ് പത്രൊസ് ലേഖനം ആരംഭിക്കുന്നത്. കൃപ യവനന്മാർക്കും സമാധാനം യെഹൂദന്മാർക്കുമുള്ള ആശംസയാണ്. ദൈവത്തിൽനിന്നു ലഭിക്കുന്ന അനർഹമായ സഹായവും അതുമൂലമുള്ള സ്വസ്ഥതയും ആണ് ഇതു കാണിക്കുന്നത്. പീഡ അനുഭവിക്കുന്ന വൃതന്മാർക്കു കൃപ വർദ്ധിക്കുമാറാ കട്ടെ എന്ന് ആശംസിക്കുന്നതും ശ്രദ്ധേയമാണ്. സുവിശേഷം നിമിത്തം കഷ്ടം അനുഭവിക്കുന്ന ദൈവജനത്തിന് ആശ്വാസം നൽകുവാൻ ഈ ചിന്തകൾ പര്യാപ്തമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### രക്ഷയുടെ പ്രത്യാശയും ശക്തിയും (1:3,4)

രക്ഷിക്കപ്പെട്ടവർക്കുള്ള പദവികൾ ദൈവത്തിനു സ്തോത്രം ചെയ്യുവാൻ കാരണം ആകണം. അവർ ദൈവത്തിനായി തിരഞ്ഞെടുക്കപ്പെട്ടവർ ആണ്. ക്രിസ്തുമൂലം ദൈവത്തെ പിതാവ് എന്നു വിളിക്കുവാൻ പദവി ലഭിച്ചവർ ആകുന്നു. 'അബ്ബാ പിതാവേ' എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ ലഭിച്ചവരാകുന്നു (റോമർ 8:15). ജീവനുള്ള പ്രത്യാശയ്ക്കായി നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. ജീവനുള്ളതും നിലനിൽക്കുന്നതുമായ വചനത്താലാണ് നാം വീണ്ടും ജനിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ കരുണാധിക്യപ്രകാരമാണ് നാം വീണ്ടും ജനിച്ച

ത്. നമ്മുടെ സൽക്കർമ്മങ്ങൾ അതിന് ആധാരം അല്ല. ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിലാണ് ദൈവം അതു വെളിപ്പെടുത്തിയത്. തൽഫലമായി ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവ് നമ്മിൽ അധിവസിക്കുവാൻ തുടങ്ങി. അതു വിശ്വാസത്താൽ സമ്മതിക്കുമ്പോൾ നാം രക്ഷാനിർണ്ണയമുള്ളവരാകുന്നു. അപ്പോൾ നാം ജീവനുള്ള പ്രത്യാശ ഉള്ളവർ ആകും. വീണ്ടും ജനിക്കുക എന്നുള്ളത് ഇപ്പോഴുള്ള അനുഭവം ആകുന്നു. എന്നാൽ അത് അന്ത്യകാലത്തു വെളിപ്പെടുവാനുള്ള അനുഭവംകൂടിയാണ്. അതു രക്ഷിക്കപ്പെട്ടവരുടെ തേജസ്കരണത്തെ ചൂണ്ടിക്കാണിക്കുന്നു (റോമർ 8:18).

ക്രിസ്തു രണ്ടാമതു വരുമ്പോൾ നാം അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും (കൊലൊ. 3:4). ദൈവശക്തിയാൽ നാം വീണ്ടും ജനിച്ചവരാണ്. അത് ദൈവത്തിന്റെ രക്ഷ ആകയാൽ നഷ്ടപ്പെടുന്നതല്ല. ആ രക്ഷയിൽ നമ്മെ കാത്തുസൂക്ഷിക്കുന്നതും ദൈവശക്തിയാണ്. ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച ശക്തിയാകുന്നു അത്. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുവാൻ ഈ പരിജ്ഞാനം ഒഴിച്ചുകൂടാത്തതാണ്. പീഡനം സഹിക്കുന്ന വിശ്വാസികൾ ഈ അറിവുള്ളവരാകണം എന്നു പത്രൊസ് ആഗ്രഹിക്കുന്നു. നമ്മിൽ വ്യാപരിക്കുന്ന ആ ദിവ്യശക്തിയെക്കുറിച്ചു ബോധവാന്മാരായി വിശ്വാസത്തിൽ ഉറപ്പും ധൈര്യവും പ്രത്യാശയും സന്തോഷവും ഉള്ള ജീവിതം നയിക്കണം.

### രക്ഷയുടെ അവകാശം (1:5)

രക്ഷിക്കപ്പെട്ടവർ ദൈവത്തിന് അവകാശികളും ക്രിസ്തുവിന് കൂട്ടവ കാശികളും ആകുന്നു (റോമർ 8:17). അവരുടെ അവകാശം സ്വർഗ്ഗത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കയാൽ ക്ഷയം സംഭവിക്കുന്നതല്ല. നാം ദൈവത്തോടു പിതൃപുത്രബന്ധമുള്ളവരാണ്. അബ്രഹാം ദൈവത്തിൽ പ്രത്യാശ ഉള്ളവ നായിരുന്നു. അവന്റെ അതിമഹത്തായ പ്രതിഫലം ദൈവമായിരുന്നു (ഉല്പ. 15:1). ദൈവത്തെ ഓഹരിയും അവകാശവുമായി കണ്ടു സംതൃപ്തിപ്പെടുന്ന ജീവിതമാണ് ദൈവം പ്രസാദിക്കുന്ന ജീവിതം. അവർ ഭൂമിയിലുള്ളതെല്ലാം താൽക്കാലികം എന്നു മനസ്സിലാക്കി മാറ്റമില്ലാത്ത ദൈവത്തിലും ആത്മീയവിഷയങ്ങളിലും സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്നു. ക്രിസ്തു നമ്മുടെ അവകാശമായി തീർന്നിരിക്കുന്നു എന്നുള്ളത് ആശ്ചര്യം നൽകുന്ന വിഷയമാണ് (എഫെ. 1:11). ക്രിസ്തു നമ്മിൽ വസിക്കുന്നതുമൂലം നാം ദൈവത്തിന്റെ അവകാശമായിത്തീർന്നു (കൊലൊ. 1:27). നാം ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു (കൊലൊ. 3:3). അവൻ സ്വർഗ്ഗത്തിൽ ഉള്ളതിനാൽ നമ്മുടെ അവകാശവും അവിടെ ഭദ്രമായിരിക്കുന്നു. ദൈവമക്കൾ പരിശുദ്ധാത്മാവ് എന്ന ആദ്യദാനം ലഭിച്ചവരാണ്. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു (റോമർ 8:9). അവൻ നമ്മുടെ അവകാശത്തിന്റെ അച്ചാരമാണ് (എഫെ. 1:14). രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മാവിനാൽ മുദ്ര ഇടപ്പെട്ടവർ ആകുന്നു. നാം ദൈവത്തിനുള്ളവരാണെന്ന് അതു കാണിക്കുന്നു.

### രക്ഷിക്കപ്പെട്ടവർ പരിശോധനയിലും സന്തോഷിക്കുന്നു (1:6-9)

ക്രിസ്തീയ ജീവിതം പരീക്ഷകളും പോരാട്ടവും ഉള്ളതാണ്. അതിന്റെ മദ്ധ്യത്തിൽ നാം സന്തോഷിക്കുന്നവരും പ്രത്യാശ ഉള്ളവരും ആകുവാൻ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. അവർ ദുഃഖിതരെങ്കിലും സന്തോഷിക്കുന്നവർ ആയിരുന്നു (2 കൊരി. 6:10). യഥാർത്ഥ ക്രിസ്തീയജീവിതം അങ്ങനെ യുള്ളതാണ്. ഈ പരീക്ഷകൾ അല്പനേരത്തേക്കു മാത്രമുള്ളതാകുന്നു. എന്നാൽ അതു നിത്യതേജസ്സിന്റെ അനുഗ്രഹം നൽകുന്നതാണ്. അതുകൊണ്ട് ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് എണ്ണുവാൻ നമുക്കു കഴിയണം. വിശ്വാസത്തിന്റെ പരിശോധനകൾ പൊന്നിനേക്കാൾ വിലയേറിയതാണ്. പൊന്ന് സ്ഫുടം ചെയ്യപ്പെടുമ്പോൾ അതിന്റെ മാറ്റു കൂടുന്നു. അതുപോലെയാണ് വിശ്വാസത്തിന്റെ പരിശോധന. കർത്താവിന്റെ പ്രത്യക്ഷതയിൽ അവർക്കു പുകഴ്ച ലഭിക്കും (1 കൊരി. 4:5).

കർത്താവിനെ സ്നേഹിക്കുന്നവർക്കു മാത്രമേ കഷ്ടതകളിൽ സന്തോഷിക്കുവാൻ കഴിയുകയുള്ളൂ. ലോകത്തിൽ സ്നേഹിക്കുവാൻ നമ്മെ വശീകരിക്കുന്ന അനേക കാര്യങ്ങൾ ഉണ്ട്. നാം കർത്താവിനെ അവയിൽ അധികമായി സ്നേഹിക്കുമ്പോൾ മാത്രമേ കഷ്ടതകളിലും ക്രിസ്തുവിൽ സംതൃപ്തിയുള്ളവർ ആകുവാൻ സാധിക്കുകയുള്ളൂ. അതിനു നാം കർത്താവിൽ വിശ്വാസമുള്ളവർ ആകണം. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ തേജസ്സു കാണും. വിശ്വാസത്തിന്റെ പരിശോധന സഹിക്കുവാൻ ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും ആവശ്യമാണ്. അബ്രഹാം ദൈവത്തിൽ സന്തോഷിച്ചു. പൗലൊസ് കഷ്ടങ്ങളിൽ പ്രശംസിച്ചു. വിശ്വാസ ത്തിൽ നിലനിൽക്കുന്നവർക്കുള്ള സന്തോഷം അവർണ്ണനീയമാണ്. അത് ആത്മീയ സന്തോഷവും ആനന്ദവും ഹൃദയത്തിൽ ഉളവാക്കും. അവർ ദൈവ ത്തെ മഹത്വപ്പെടുത്തുന്നു. ദൈവമക്കൾക്കു മാത്രം വാഗ്ദത്തം ചെയ്തിട്ടുള്ള അനുഗ്രഹമാണ് ഇത്. നാനാ പരീക്ഷകളിൽ കൃപമേൽ കൃപ നൽകി നിലനിർത്തുന്ന ദിവ്യശക്തിയനുഭവിക്കുന്നത് എത്ര ഭാഗ്യം! അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

### വെളിപ്പെടുവാനിരുന്ന രക്ഷ (1:10-12)

ക്രിസ്തുവിൽക്കൂടി വെളിപ്പെടുവാനുള്ള രക്ഷയെക്കുറിച്ചു പ്രവാചക ന്മാർ പ്രവചിച്ചിരുന്നു. ക്രിസ്തു സഹിക്കേണ്ടിയിരുന്ന കഷ്ടങ്ങളും പിൻ വരുന്ന മഹിമയും അവർ മുൻകണ്ടിരുന്നു. അവരിലുള്ള ക്രിസ്തുവിൻ ആത്മാവാണ് ആ കൃപയുടെ രക്ഷയെക്കുറിച്ച് ആരാഞ്ഞ് അന്വേഷിച്ചത്. അതു തങ്ങൾക്കുള്ളതല്ലെന്ന് അവർക്കു ബോദ്ധ്യപ്പെട്ടിരുന്നു. പഴയനിയമം ക്രിസ്തുവിനെ സാക്ഷിക്കുന്നു എന്നു ലൂക്കൊസ് രേഖപ്പെടുത്തുന്നു (ലൂക്കൊ. 24:27).

സുവിശേഷം കേവലം സങ്കല്പകഥകൾ അല്ല. അതു തിരുവെഴുത്തുകൾ ആണ്. പഴയനിയമ വിശുദ്ധന്മാർ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാത്മാവ് ഉള്ളവരും ആയിരുന്നു (റോമർ 8:9). രക്ഷയോടുള്ള ബന്ധത്തിൽ ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും ഒഴിച്ചുകൂടാത്ത വിഷയങ്ങൾ ആണ്. അതുകൊണ്ടാണ് പ്രവാചകന്മാർ അതിന്റെ സമയം എപ്പോഴാണെന്നും എങ്ങനെയെന്നും അന്വേഷിച്ചത്. ക്രിസ്തുവിനു പിൻവരേണ്ടിയിരുന്ന മഹിമ അവന്റെ പുനരുത്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. ഇതൊക്കെയും പിതാവു ലോകസ്ഥാപനത്തിനു മുമ്പെ നിശ്ചയിച്ചിരുന്ന കാര്യങ്ങൾ ആണ്. പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽക്കൂടി ഈ സത്യങ്ങൾ വെളിപ്പെടുത്തി. സുവിശേഷഘോഷണത്തിൽക്കൂടി ആ സത്യങ്ങൾ പ്രസംഗിക്കപ്പെട്ടു. സുവിശേഷം എന്നതു കേവലം ക്രിസ്തുവിന്റെ മരണ പുനരുത്ഥാനം മാത്രമല്ല. നമ്മുടെ രക്ഷയെ സംബന്ധിച്ചുള്ള ദൈവിക ആലോചനകൾ മുഴുവൻ ആകുന്നു. രക്ഷിക്കപ്പെട്ടവർ ആ ആലോചനകൾ സ്വീകരിച്ചവരും അതിനു ശുശ്രൂഷ ചെയ്യുന്നവരു മാണ്. രക്ഷിക്കപ്പെട്ട ദൈവമക്കളെ നോക്കി ദൂതന്മാർ ആശ്ചര്യപ്പെടുന്നു. അവർ കേവലം നോക്കുകയല്ല, ശ്രദ്ധിച്ച് ആവേശത്തോടെ നോക്കുവാൻ ആഗ്രഹിക്കുന്നു. പാപികൾ രക്ഷിക്കപ്പെടുമ്പോൾ ദൂതന്മാർ സ്വർഗ്ഗത്തിൽ സന്തോഷിക്കുന്നു (ലൂക്കൊ. 15:10). രക്ഷിക്കപ്പെടുന്ന വിശ്വാസികളെ ശുശ്രൂഷിക്കുന്ന സേവകാത്മാക്കളാണ് അവർ. ദൂതന്മാർ ദൈവസൃഷ്ടിയും ദൈവത്തെ ആരാധിക്കുന്നവരുമാണ്. പാപികളെ രക്ഷിച്ചു ക്രിസ്തുവിൽ ഒന്നാക്കുന്ന ദൈവ ത്തിന്റെ ജ്ഞാനം സഭ മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു (എഫെ. 3:10,11). ആ ദൈവത്തിന്റെ ബഹുവിധമായ കൃപകളും ജ്ഞാനവും ഗ്രഹിക്കുവാൻ ദൂതന്മാർ ദൈവമക്കളെ ശ്രദ്ധിച്ചു നോക്കുന്നു. നമ്മുടെ ജീവിതം ദൈവദൂതന്മാർക്ക് ആശ്ചര്യവും ആവേശവും ഉളവാക്കുന്നതാണോ? അതോ അവർ നമ്മെ നോക്കി ദുഃഖിക്കുന്നുവോ? ദൈവത്തിനു പ്രസാദമുള്ള ജീവിതം നയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## വിശുദ്ധരാകുവാനുള്ള ആഹ്വാനം (1:13-25)

1 പത്രൊസ് ഒന്നാം അദ്ധ്യായം 1 മുതൽ 12 വരെ വീണ്ടും ജനിച്ചവർ ക്കുള്ള പദവികൾ ആണ് വിവരിക്കുന്നത്. അതു വിശ്വാസികൾക്കു വരുവാ നുള്ള കൃപയാണ്. അതു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ വെളിപ്പെടും. അതിൽ പ്രത്യാശ ഉള്ളവരായി നാം ജീവിക്കണം എന്ന് ആഹ്വാനം ചെയ്യുന്നു. ആ പ്രത്യാശയിൽ മനസ്സുറപ്പിച്ച് സുബോധമുള്ളവരായി നാം കാത്തിരിക്കണം. ഈ ലോകത്തോടു ബന്ധപ്പെട്ട കാര്യങ്ങളിൽ മനസ്സ് ഏകാഗ്രമാക്കാതെ ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായി ആകാംക്ഷയോടെ ജീവിക്കണം എന്നു സാരം.

14-16 വരെയുള്ള വാക്യങ്ങളിൽ ജീവിതവിശുദ്ധി ഉള്ളവരായി ജീവിക്കുവാൻ പ്രബോധിപ്പിക്കുന്നു. പണ്ടു നാം ദൈവത്തെക്കുറിച്ചു ശരിയായ അറിവില്ലാത്തവർ ആയിരുന്നു. സ്വന്ത മനോവികാരങ്ങൾക്ക് അടിമപ്പെട്ടു ജഢമോഹങ്ങളിൽ ഉല്ലസിക്കുന്നവർ ആയിരുന്നു. എന്നാൽ നാം വീണ്ടും ജനിച്ചപ്പോൾ ദൈവത്തെ പിതാവായി അംഗീകരിച്ച് അനുസരിക്കുന്നവർ ആയി. ദൈവം വിശുദ്ധനാണ്. ദൈവമക്കളും വിശുദ്ധരായി ജീവിക്കണം. അതിനായിട്ടാണ് ദൈവം നമ്മെ തിരഞ്ഞെടുത്തത്. നാം ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്നവർ ആകണം. ദൈവത്തെക്കാൾ കൂടുതൽ സ്നേഹിക്കുവാൻ യാതൊന്നും ഉണ്ടാകരുത്.

ക്രിസ്തീയ ജീവിതം ഭയത്തോടെ കഴിക്കണം. ദൈവം നീതിയോടെ ന്യായം വിധിക്കുന്നവനാണ്. അവനു മുഖപക്ഷം ഇല്ല. ഇവിടെ ഭയംകൊണ്ടുള്ള അർത്ഥം നശിപ്പിച്ചുകളയും എന്നല്ല. ദൈവം പിതാവാണ്. നാം ദൈവത്തെ പിതാവായി അംഗീകരിച്ചു ഭയപ്പെടുന്നത് അവനെ സ്നേഹിക്കുന്നതുകൊണ്ടാണ്. ദൈവത്തിനു പ്രസാദമില്ലാത്ത കാര്യങ്ങൾ ചെയ്യാതിരിക്കുവാൻ നാം അവനെ ഭയപ്പെടുന്നവർ ആകണം. നമ്മെ അതിനായിട്ടാണ് വീണ്ടെടുത്തിരിക്കുന്നത്. നമ്മുടെ പഴയ ജീവിതം വ്യർത്ഥമായ പിതൃപാരമ്പര്യ ങ്ങൾക്ക് അനുസരണമായിരുന്നു. ആ സ്ഥാനത്തുനിന്നും നമ്മെ ദൈവം ക്രിസ്തുമൂലം വീണ്ടെടുത്തു. അതുകൊണ്ട് അവനോടു ഭയഭക്തിയുള്ളവരാകണം. രണ്ടാമതായി നമ്മെ വീണ്ടെടുത്തത് ക്രിസ്തുവിന്റെ രക്തം മൂല മാണ്. അതു വിലയേറിയ രക്തമാണ്. പൊന്നും വെള്ളിയും ഒക്കെ അഴിഞ്ഞു പോകും. പാരമ്പര്യങ്ങൾ അർത്ഥമില്ലാത്ത പ്രമാണങ്ങളായി മാറ്റപ്പെടും. എന്നാൽ ലോകസ്ഥാപനത്തിനു മുമ്പേ ദൈവം പദ്ധതി ചെയ്ത ക്രിസ്തുവിന്റെ മരണവും അതുമൂലം സാദ്ധ്യമായ മനുഷ്യന്റെ വീണ്ടെടുപ്പും വിലയേറിയ സത്യങ്ങൾ ആകുന്നു. മനുഷ്യാത്മാവിന്റെ വില ഈ ലോകത്തെക്കാൾ വലുതാണ്. അവനെ രക്ഷിക്കുവാൻ ക്രിസ്തുവിന്റെ വിലയേറിയ രക്തത്തിനു മാത്രമേ കഴികയുള്ളൂ. അവന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും തേജസ്കര ണവും അവനിൽ വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും പ്രേരണ നൽകണം.

ദൈവമക്കൾ സഹോദരപ്രീതിയുള്ളവർ ആയിരിക്കണം. അവർ ജീവനുള്ളതും നിലനിൽക്കുന്നതുമായ വചനം അനുസരിച്ചു രക്ഷിക്കപ്പെട്ടവരും ദൈവകുടുംബത്തിന്റെ അംഗങ്ങളുമാണ്. വചനം അനുസരിക്കുമ്പോൾ ഹൃദയം നിർമ്മലീകരിക്കപ്പെടും. ആ ശുദ്ധീകരണപ്രക്രിയയുടെ ലക്ഷ്യം സഹോദരപ്രീതിയാണ്. വചനം വിശ്വാസമായി പരിണമിക്കുമ്പോൾ അതുണ്ടാകുന്നു. രക്ഷിക്കപ്പെട്ടവർ നിർവ്യാജസ്നേഹം ഉള്ളവരാകണം. നമ്മുടെ സ്നേഹത്തിൽ മായം കലർത്തരുത്. നാം അന്യോന്യം ഹൃദയപൂർവ്വം ഉറ്റു സ്നേഹിക്കുന്നവർ ആകണം (1 തിമൊ. 1:5). അപ്പോൾ മറ്റുള്ളവരുടെ നന്മയ്ക്കായി പരമാവധി ചെയ്യുവാൻ നാം പ്രേരിപ്പിക്കപ്പെടും.

ദൈവത്തിന്റെ വചനം സ്ഥിരമാണ്. അതുകൊണ്ടു സഹോദരപ്രീതി എന്നും നിലനിൽക്കണം. ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്നവർ ജീവിതവിശുദ്ധിയും ദൈവഭയവും സഹോദരപ്രീതിയുമുള്ള ജീവിതം നയിക്കുവാൻ അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു. കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 2

### ദൈവമക്കൾ ആത്മീയമായി വളരണം (2:1-3)

ആത്മീയമായി വളരുവാൻ ദൈവവചനപഠനം ആവശ്യമാകുന്നു. ഇവിടെ വചനത്തെ മായമില്ലാത്ത പാലായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. എഴുതപ്പെട്ട ദൈവവചനത്തോടു കൂട്ടുചേർക്കുന്നത് അപകടകരമാണ്. കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കളും വെളിച്ചദൂതന്റെ വേഷം ധരിച്ചുകൊണ്ട് അതിനു ശ്രമിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. അവർ ചതിവും വ്യാജഭാവവും അസൂയയും നിറഞ്ഞവരാകുന്നു. അവർ വചനത്തോടു സ്വന്ത അനുഭവങ്ങളും അഭിപ്രായങ്ങളും ചേർക്കുമ്പോൾ വചനം മലിനപ്പെടും. അതു കുടി ക്കുന്നവർക്ക് ആത്മീയമായി വളരുവാൻ കഴിയുന്നതല്ല. മായമില്ലാത്ത വചനം പഠിക്കുവാൻ നാം ആകാംക്ഷയുള്ളവർ ആകണം. നമ്മുടെ ജീവനും ഭക്തി ക്കും ആവശ്യമുള്ളതൊക്കെയും ദൈവം വചനത്തിൽക്കൂടി ദാനം ചെയ്തിരിക്കുന്നു (2 പത്രൊ. 1:3). വചനം ധ്യാനിക്കുന്നവർ കർത്താവു ദയാലു എന്ന് ആസ്വദിച്ചറിയും. അങ്ങനെ കർത്താവിനെ രുചിച്ചറിയുന്ന അനുഭവം എത്ര ധന്യമാകുന്നു.

### വിശ്വാസികൾ രാജകീയ പുരോഹിതന്മാർ (2:4-10)

വിശ്വാസികൾ ജീവനുള്ള പ്രത്യാശയ്ക്കായി ദൈവവചനത്താൽ വീണ്ടും ജനിച്ചിരിക്കുന്നു. കൂടാതെ നാം ആത്മീയഗൃഹമായി ക്രിസ്തു മുഖാന്തരം പണിയപ്പെടുന്നു. അതിനു നാം ജീവനുള്ള കല്ലുകളായി തീരുവാൻ ആവശ്യം ഉണ്ട്. ക്രിസ്തുവാണ് യഥാർത്ഥത്തിൽ ജീവനുള്ള കല്ല് (യെശ. 28:16). അവന്റെ അടുക്കൽ വരുന്നവർക്കു മാത്രമേ ജീവനുള്ള കല്ലുകളാകുവാൻ കഴിയുകയുള്ളൂ. ക്രിസ്തു സ്വന്തജനമായ യിസ്രായേലിലേക്കു വന്നു എങ്കിലും അവർ അവനെ തള്ളിക്കളഞ്ഞു (സങ്കീ. 118:22; പ്രവൃ. 4:11). അവർ അവനെ ക്രൂശിച്ചു. എല്ലാവരാലും അവൻ ഉപേക്ഷിക്കപ്പെട്ടു. എന്നാൽ ക്രിസ്തു കെട്ടിടത്തിന്റെ മൂലക്കല്ലായി തീർന്നിരിക്കുന്നു. അതു തന്റെ പുനരുത്ഥാനത്തിൽക്കൂടിയാണ് സംഭവിച്ചിരിക്കുന്നത്. അവൻ ജീവിക്കുന്ന രക്ഷിതാവാകുന്നു (പ്രവൃ. 4:11,12). ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ആത്മീയമരണത്തിൽ കഴിയുന്നവർക്കു ക്രിസ്തുവിന്റെ പുനരുത്ഥാന ജീവൻ ലഭിക്കുന്നു. അങ്ങനെ അവർ ആത്മീയഗൃഹമായി പണിയപ്പെടുന്നു. സഭയാണ് ആ ആത്മീയഗൃഹം. വിശ്വസിച്ചവരുടെ സമൂഹമാണ് ദൈവസഭ. അവർ ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന വിശുദ്ധമന്ദിരം ആകുന്നു. ഏതെങ്കിലും സ്ഥലത്തു പണിതുയർത്തുന്ന കെട്ടിടമല്ല ദൈവാലയം. വീണ്ടും ജനിച്ച ദൈവമക്കൾ ഒരുമിച്ചുകൂടി കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന സ്ഥലമാണ് അത്. അവർ ദൈവത്തിനു രാജപുരോഹിതവർഗ്ഗമാണ്. അതു വീണ്ടും ജനിച്ച എല്ലാവർക്കുമുള്ള പദവിയും അവകാശവുമാണ്. അവർക്കു ദൈവത്തെ ആരാധിക്കുവാൻ അവകാശമുണ്ട്. യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആരാധന കഴിക്കുന്നവർ വിശുദ്ധജനമാണ്. അവർ ദൈവത്തിനായി വേർതിരിക്കപ്പെട്ടവരാണെന്നു സാരം. അവർ ദൈവത്തിനായി സമർപ്പിക്കപ്പെട്ടവർ ആകണം (റോമർ 12:1,2). അധരഫലം എന്ന സ്തോത്രയാഗം അവർ അർപ്പിക്കണം (എബ്രാ. 13:15). അവരുടെ ഔദാര്യദാനങ്ങൾ ദൈവത്തിനു സൗരഭ്യവാസനയായ യാഗങ്ങൾ ആണ് (ഫിലി. 4:18). പാപികൾ ക്രിസ്തുവിങ്കലേക്ക് ആനയിക്കപ്പെടുന്നതും ദൈവത്തിനു പ്രസാദമുള്ള യാഗങ്ങൾ ആകുന്നു (റോമർ 15:15). സഭയിൽ പുരോഹിതന്മാരും പുരോഹിതന്മാരല്ലാത്തവരും എന്ന വ്യത്യാസം ഇല്ല. രക്ഷിക്കപ്പെട്ട എല്ലാവരും പുരോഹിതന്മാരും ക്രിസ്തു മഹാപുരോഹിതനും ആയിരിക്കുന്നു.

ക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിനും ജീവിതത്തിനും അടിസ്ഥാന മായി ദൈവം ഇട്ടിരിക്കുന്ന കല്ല്. അവനിൽ വിശ്വസിക്കുന്നവർ സുസ്ഥിരർ ആയിരിക്കും. അവർക്കു ദൈവമുമ്പാകെ മാന്യതയുണ്ട്. അവന്റെ വചനത്തിൽ വിശ്വസിക്കുന്നവർ ലജ്ജിച്ചുപോകയില്ല. ഭോഷ്ക്കിലും വ്യാജത്തിലും ശരണപ്പെടുന്നവർ ലജ്ജിതർ ആകും (യെശ. 28:15,16). നമ്മുടെ രക്ഷയ്ക്കുള്ള ഏക അടിസ്ഥാനം ക്രിസ്തു മാത്രമാകുന്നു. അവന്റെ രക്തം വിലയേറിയതാകുന്നു. അവനെക്കാൾ മാന്യതയുള്ള ആരും തന്നെയില്ല. ക്രിസ്തു ശോധന ചെയ്യപ്പെട്ട കല്ലാകുന്നു. സാത്താനും മനുഷ്യനും ദൈവവും അവനെ ശോധന ചെയ്തു. കുറ്റമൊന്നും കണ്ടില്ല. പിതാവു പുത്രനിൽ പ്രസാദിച്ചു. പീലാ ത്തൊസ് അവനിൽ കുറ്റമൊന്നും കണ്ടില്ല. ക്രൂരനായ പട്ടാളമേധാവി അവൻ ദൈവപുത്രൻ എന്നു സാക്ഷിച്ചു. പിശാചിന്റെ സ്വാധീനതയിൽ കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാ ഇസ്കര്യോത്താ അവനെക്കുറിച്ചു 'ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു' എന്നു പറഞ്ഞു. അതുകൊണ്ടു ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു മാന്യത ഉണ്ട്. അവനിൽ വിശ്വസിക്കാത്തവർക്കു ക്രിസ്തു ഇടർച്ചക്കല്ലും തടങ്ങൽപ്പാറയും ആകുന്നു. അവർ ഇടറിപ്പോകും (റോമർ 9:32,33). സൽക്കർമ്മങ്ങളിൽക്കൂടി രക്ഷപ്പെടാൻ ശ്രമിക്കുന്നവർക്കു ക്രിസ്തു ഇടർച്ചക്കല്ലാണ്. ലോകത്തെ സ്നേഹിക്കുന്നവർക്കും അവൻ തടങ്ങൽപ്പാറയാകുന്നു. എന്നാൽ അവനിൽ ആശ്രയിക്കുന്നവർക്കു മാന്യതയും സമാധാനവുമുണ്ട്. ഇന്നു ക്രിസ്തുവിനെ അവഗണിക്കുന്നവർക്ക് ഒരിക്കൽ അവൻ ധൂളിപ്പിക്കുന്ന പാറയായി തീരും. അതുകൊണ്ട് ഇന്നുതന്നെ അവനിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുക.

ദൈവമക്കൾക്കുള്ള പദവികളെക്കുറിച്ചാണ് പത്രൊസ് രണ്ടാം അദ്ധ്യായം 10 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നത്. അവർ ദൈവത്തിനു പ്രയോജനമുള്ളവർ ആകുവാൻ സ്വന്തജനമായി തിരഞ്ഞെടുക്കപ്പെട്ടവർ ആകുന്നു. ഒരു കാലത്ത് അവർ ആത്മീയ അന്ധകാരത്തിൽ കഴിഞ്ഞിരുന്നു. ഇപ്പോൾ അവർ അത്ഭുതപ്രകാശത്തിൽ കഴിയുന്ന വിശുദ്ധവംശമാണ്. ദൈവത്തിനു സ്വന്തജനമാണ്. രാജകീയ പുരോഹിതവർഗ്ഗമാണ്. ഈ പദവികൾ

ദൈവം നമുക്കു നൽകിയിരിക്കുന്നത് അവന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നവർ ആകുവാനാണ്.

ക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നു. അവനിൽ ആശ്രയിക്കുന്നവർക്ക് അവൻ അത്ഭുതപ്രകാശമാണ്. അവരുടെ ആത്മീയ അന്ധത മാറും. ദൈവത്തെ പരിജ്ഞാനത്തിൽ ഗ്രഹിക്കുവാൻ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെടും. അപ്പോൾ അവർ അന്ധകാരം നിറഞ്ഞ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കും. അവർ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയാണ്. ദൈവം നമ്മെ സ്നേഹിച്ചു ലോകജാതികളിൽനിന്നും വ്യത്യാസമുള്ള ഒരു ജാതിയായി നമ്മെ തീർത്തിരിക്കുന്നു (ആവ. 7:6,7). നമ്മെ അവൻ രാജാക്കന്മാരും പുരോഹിതന്മാരും ആക്കിയിരിക്കുന്നു. പഴയനിയമത്തിൽ ഈ രണ്ടു പദവികൾ ഒരുമിച്ച് ആർക്കും ലഭിച്ചിരുന്നില്ല. രാജാക്കന്മാരായ നാം ദൈവത്തിന്റെ നിയമ ങ്ങളും പ്രമാണങ്ങളും അനുസരിക്കുന്നവരും അറിയിക്കുന്നവരും ആകണം. രാജാവായ ദൈവത്തിന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നവരും അവനെ മാതൃകയാക്കുന്നവരും ആകണം. നാം ക്രിസ്തുവിനോടുകൂടെ ആയിരമാണ്ടു വാഴും (വെളി. 20:6; 2 തിമൊ. 2:11). പുരോഹിതന്മാർ ദൈവത്തെ ആരാധിക്കുന്നവരാണ്. അവർ കർത്താവിന്റെ സൽഗുണങ്ങൾ ഘോഷിക്കുന്നു. അവന്റെ നന്മകൾ അനുഭവിച്ചുകൊണ്ടു നന്ദി പറയുന്നു. ഈ പദവികളാണ് ക്രിസ്തുവിൽക്കൂടി നമുക്കു ലഭിച്ചിരിക്കുന്നത്.

ദൈവമക്കൾ വിശുദ്ധവംശമാണ്. അവർ ദൈവത്തിൽനിന്നും ജനിച്ചതു കൊണ്ടാണ് വിശുദ്ധവംശർ ആയത് (യോഹ. 1:12,13). നാം ആദാമിന്റെ വംശത്തിൽ ജനിച്ചവരും പാപികളും ആയിരുന്നു. നമുക്കു പ്രശംസിക്കുവാൻ യാതൊന്നും ഇല്ല. വിശുദ്ധവംശം ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ ആണ്. അതുകൊണ്ടു നാം ദൈവത്തിനു പ്രയോജനമുള്ളവർ ആകണം. നാം ദൈവത്തിനു സ്വന്തജനമാണ്. നമ്മെ വില കൊടുത്തു വാങ്ങിയിരിക്കുന്നു. ആ വില ക്രിസ്തുവിന്റെ തിരുരക്തമായിരുന്നു. അവന്റെ രക്തം കൊടുത്തു സമ്പാദിച്ച നിക്ഷേപമാണ് നാം (പ്രവൃ. 20:28). നാം സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളവരാകുവാനാണ് അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സ്വന്തജനമാക്കിയിരിക്കുന്നത് (തീത്തൊ. 2:14). ദൈവത്തിന്റെ സമ്പാദ്യമായ നമ്മെ പരിപാലിച്ചു സംരക്ഷിക്കുവാൻ കർത്താവു മതിയായവൻ ആകുന്നു. ഇതിനൊന്നും നാം യോഗ്യത ഉള്ളവരായിരുന്നില്ല. മുമ്പെ നാം അന്യരും കരുണ ലഭിക്കാത്തവരുമായിരുന്നു. ദൈവകോപത്തിനു വിധേയരായിരുന്നു. ഇപ്പോൾ ക്രിസ്തുവിൽക്കൂടി ദൈവത്തിന്റെ ജനവും കരുണ ലഭിച്ചവരുമായിരിക്കുന്നു. എന്തൊരു മഹാഭാഗ്യപദവിയാണ് നമുക്കു ലഭിച്ചിരിക്കുന്നത്. അങ്ങനെ ദൈവത്തിന്റെ സൽഗുണങ്ങളെ ഘോഷിക്കുവാൻ നമ്മെ പ്രാപ്തരാക്കിയിരിക്കുന്നു. നാം അതിനു മനസ്സുള്ളവരാണോ? അതിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തുവാൻ നമുക്കു കഴിയുന്നുണ്ടോ? കർത്താവു നമ്മെ സഹായിക്കട്ടെ.

## വിശ്വാസികളുടെ ഉത്തരവാദിത്വങ്ങൾ (2:11-25)

ദൈവമക്കൾ സാമൂഹ്യജീവിതത്തിൽ അനുവർത്തിക്കേണ്ട ചുമതലകളെ ക്കുറിച്ചാണ് പത്രൊസ് രണ്ടാമദ്ധ്യായം 11 മുതലുള്ള വാക്യങ്ങളിൽ പ്രബോധിപ്പിക്കുന്നത്. സ്നേഹവും വാത്സല്യവും നിറഞ്ഞ സംബോധനയോടുകൂടെയാണ് ഇത് ആരംഭിക്കുന്നത്. ദൈവത്തിനു വീണ്ടും ജനിച്ചവർ പ്രിയമക്കൾ ആകുന്നു. വിശ്വാസികൾ അന്യോന്യം സ്നേഹമുള്ളവർ ആകണം. അപ്പൊസ്തലൻ ദൈവമക്കളോടു കല്പിക്കുകയല്ല പ്രത്യുത പ്രബോധിപ്പിക്കുകയാണ്. അവർ പ്രവാസികളും പരദേശികളും ആയിരുന്നു. അവർ സ്വർഗ്ഗീയ പൗരന്മാരാണ്. എന്നാൽ അല്പകാലം ഭൂമിയിൽ പരദേശികളായി കഴിയുന്നു. ഈ ബോധം നമുക്കുണ്ടായിരിക്കേണ്ടതാണ്. ഇവിടെ നമുക്കു പോരാട്ടം ഉണ്ട്. ആത്മാവും ജഡവും തമ്മിലുള്ള പോരാട്ടം മരണംവരെ തുടരുന്നു. ജഡത്തെ ജയിക്കുവാൻ നമുക്കു കഴിയും. അതിനാണ് ആത്മാവിനെ തന്നിട്ടുള്ളത്. ദൈവാത്മാവിനെ അനുസരിക്കുമ്പോൾ ജഡമോഹങ്ങളെ അതിജീവിക്കുവാൻ കഴിയും. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത് (റോമർ 13:14). നമ്മുടെ ചിന്തകൾ ക്രിസ്തുവിനനുസരണമായി പിടിച്ചടക്കുന്നവ ആയിരി ക്കണം (2 കൊരി. 10:5). അപ്പോൾ നമ്മുടെ നടപ്പ് അഥവാ മറ്റുള്ളവരോടുള്ള പെരുമാറ്റം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതും മാതൃകയുള്ളതും ആകും. ലോകം നമ്മെ ദുഷ്പ്രവൃത്തിക്കാർ എന്നു മുദ്രകുത്തി ദുഷിക്കും. ദൈവത്തെക്കുറിച്ചു പരിജ്ഞാനം ഇല്ലാത്തതുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നത്. അപ്പൊസ്തലന്മാർ സുവിശേഷം അറിയിക്കുന്നതിൽ ദുഷ്പ്രവൃത്തിക്കാർ എന്നപോലെ ചങ്ങല ധരിച്ചു കഷ്ടം സഹിച്ചു (2 തിമൊ. 2:8,9). അതു വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ദുഷിക്കൽ കൂടുതലാകുന്തോറും നല്ല പ്രവൃത്തികളും വർദ്ധിച്ചുകൊണ്ടിരിക്കണം.

വിശ്വാസികൾ ഗവണ്മെണ്ടിന്റെ നിയമങ്ങൾക്കു കീഴടങ്ങുന്നവർ ആകണം. അതു കർത്താവിൻ നിമിത്തം അനുസരിക്കണം. എന്തുകൊണ്ടെന്നാൽ സകല അധികാരങ്ങളും ദൈവത്താൽ നിയമിക്കപ്പെട്ടതാകുന്നു (റോമർ 13:1). അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവന് കൊടുക്കയും ചെയ്യുന്നു. അതിൽ നല്ലവരും അധമന്മാരും ഉണ്ടാകാം. ക്രൂരനായ നീറോയുടെ ഭരണകാലത്താണല്ലോ ഈ ലേഖനം എഴുതിയത്. എന്നാൽ ദൈവത്തിന്റെ പ്രമാണങ്ങൾക്കു വിരുദ്ധമായ നിയമങ്ങൾ അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരല്ല (പ്രവൃ. 5:29). നന്മ ചെയ്തുകൊണ്ടു ദൈവത്തെക്കുറിച്ചു പരിജ്ഞാനമില്ലാത്തവരുടെ ഭോഷത്തം മിണ്ടാതാക്കണം. നന്മയാൽ തിന്മയെ ജയിക്കുന്നവർ ആകണം. ക്രിസ്തുവിൽ നമുക്കു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയാക്കരുത്. സമരം നടത്തി അവകാശങ്ങൾ നേടിയെടുക്കരുത്. ദൈവത്തിന്റെ ഹിതപ്രകാരം ഉള്ള ഭരണാധികാരികൾക്കു കർത്താവിൻ നിമിത്തം കീഴടങ്ങി നമ്മുടെ ക്രിസ്തീയത്വം വെളിപ്പെടുത്തുവാൻ ഉത്സാഹിക്കണം. അങ്ങനെ ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ നമുക്കു സാധിക്കും. ക്രിസ്തുവിൽ നമുക്കു ലഭിച്ചിരിക്കുന്ന

സ്വാതന്ത്ര്യം നമ്മെ നീതി ചെയ്യുവാൻ പ്രേരിപ്പിക്കണം. ദൈവം ആക്കിവെച്ചിട്ടുള്ള അധികാരികളെ നീക്കുവാൻ രഹസ്യമായി പ്രവർത്തിക്കുന്നവർ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെ ദുഷ്ടതയ്ക്കു മറയാക്കുന്നവരാണ്.

17-ാം വാക്യത്തിൽ ക്രിസ്തീയ ജീവിതത്തിലെ നാലു കടമകൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. സഹോദരവർഗ്ഗത്തെ സ്നേഹിക്കണം, ദൈവത്തെ ഭയപ്പെടണം, രാജാവിനെ ബഹുമാനിക്കണം. എല്ലാവരേയും ബഹുമാനിക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു. എല്ലാ മനുഷ്യർക്കും അവരവരുടേതായ നിലയും വിലയും ഉണ്ട്. അതു മനസ്സിലാക്കി ഓരോരുത്തരോടും പെരുമാറണം. നാം സഹോദരവർഗ്ഗത്തെ സ്നേഹിക്കണം. വീണ്ടും ജനിച്ചവർ സഹോദരന്മാർ ആണ്. അവർ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയ കല്പന ക്രിസ്തു ശിഷ്യന്മാർക്കു നൽകിയിരുന്നു (യോഹ. 15:12). സ്നേഹം പാപങ്ങ ളുടെ ബഹുത്വത്തെ മറയ്ക്കുന്നു (4:8). അതു സഹോദരന്മാരുടെ കുറവുകൾ കൊട്ടിഘോഷിക്കാതെ അവരുടെ നന്മകൾ കണ്ടു സന്തോഷിക്കും. ദൈവഭയമുള്ളവർ ആകണം. യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു. ദൈവം ഭയഭക്തിക്കു യോഗ്യനാകുന്നു. ദേഹിയേയും ദേഹത്തേയും കൊല്ലു വാൻ അവൻ ശക്തിയുള്ളവനാണ്. ക്രൂരനായ രാജാവിനു ദേഹത്തെ കൊല്ലുവാൻ മാത്രമേ സാധിക്കുകയുള്ളൂ. ദൈവത്തെ ഭയപ്പെടുന്നവർക്കു രാജാവിനെ ഭയപ്പെടാതെ ബഹുമാനിക്കുവാൻ സാധിക്കും. കൈസർക്കുള്ളതു കൈസർ ക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുന്നവർ ആകണം. ദൈവ ത്തെ ഭയപ്പെടുവിൻ എന്നു പ്രസ്താവിച്ചശേഷം രാജാവിനെ ബഹുമാനിക്കുവിൻ എന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നതു ശ്രദ്ധേയമാകുന്നു. ഒന്നാം നൂറ്റാ ണ്ടിലെ ക്രിസ്ത്യാനികൾ ദൈവത്തിനു പ്രഥമ സ്ഥാനം നൽകിയിരുന്നു. നീറോയുടെ വാളിന് അവരെ കൊല്ലു വാൻ കഴിഞ്ഞിരുന്നെങ്കിലും കർത്താവിന് അവരെ ജീവിപ്പിക്കുവാൻ കഴിയുമെന്നു വിശ്വസിച്ചിരുന്നു. നമുക്കും കർത്താവിനെ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരും ആകാം.

18-ാം വാക്യത്തിൽ വേലക്കാർക്കു യജമാനന്മാരോടുള്ള ഉത്തരവാദിത്വ ത്തെക്കുറിച്ചു ചൂണ്ടിക്കാണിച്ചിരിക്കു ന്നു. ഒന്നാം നൂറ്റാണ്ടിൽ അടിമകളെ വേല യ്ക്ക് ഉപയോഗിച്ചിരുന്നു. അവർക്കു യാതൊരു അവകാശവും ഉണ്ടായി രുന്നില്ല. അവർ യജമാനന്മാരെ പൂർണ്ണഭയത്തോടെ സേവിക്കണം എന്നു പ്രബോധിപ്പിക്കുന്നു. ദൈവം അവരെ അവിടെ ആക്കിയിരിക്കുന്നു എന്ന ബോധത്തോടെ സേവ ചെയ്യണം. മൂർഖന്മാരായ യജമാനന്മാരിൽനിന്നും ഉപ ദ്രവം സഹിക്കുവാൻ അപ്പോൾ സാധിക്കും. അതു ദൈവത്തിനു പ്രസാദവും ആകു ന്നു. കുറ്റം ചെയ്തിട്ട് അടികൊള്ളു ന്നതിൽ പ്രശംസിക്കുവാൻ ഒന്നുമില്ല. നന്മ ചെയ്തിട്ട് അടികൊള്ളുന്നവർ ദൈവത്തിൽനിന്നും പ്രതിഫലം പ്രാപി ക്കും.

ക്രിസ്തു സഹിച്ച കഷ്ടങ്ങൾ നമുക്കു മാതൃകയാകണം എന്ന് 21 മുതലുള്ള വാക്യങ്ങളിൽ ഉദ്ബോധിപ്പിക്കു ന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് ക്രിസ്ത്യാനികൾ. ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് അവനെ അനു ഗമിക്കുവാൻ ആവശ്യമാകുന്നു. അവന്റെ കാൽച്ചുവടുകളെ പിൻതുടരണം. അവൻ നന്മ മാത്രം ചെയ്തു. അവൻ നിന്ദ സഹിച്ചു. പാപികളുടെ വിരോധം മുഴുവൻ മൗനമായി സഹിച്ചു (മത്താ. 26:67,68). ആ മാതൃക അനുകരിച്ച് അവന്റെ കാൽച്ചുവടുകൾ പിന്തുടരാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

ക്രിസ്തുവിനെ കഷ്ടം സഹിക്കുന്ന യഹോവയുടെ ദാസനായി പഴയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നു (യെശ. 53). അവൻ പാപരഹിതൻ ആയിരുന്നു. എങ്കിലും മറ്റുള്ളവരുടെ പാപം വഹിച്ചുകൊണ്ടു കഷ്ടം ശാന്ത മായി സഹിച്ചു. യഹോവയുടെ ഇഷ്ടം സാധിക്കേണ്ടതിനാണ് അതെല്ലാം സഹിച്ചത്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനാണ് ക്രിസ്തു കഷ്ടം സഹിച്ചത്. 'എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ' എന്നുള്ള മനോഭാവം ക്രിസ്തുവിനുണ്ടായിരുന്നു. വഞ്ചനയും സാഹസവും ഇല്ലാത്ത ജീവിതമായിരുന്നു അത്. ഭീഷണി പറയാതെ ക്രിസ്തു കഷ്ടം സഹിച്ചു. ന്യായമായി വിധിക്കുന്നവന്റെ കയ്യിൽ സകലവും ഭരമേല്പിച്ചു. തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും എന്നുള്ള ഉറപ്പ് ക്രിസ്തുവിനുണ്ടായിരുന്നു. കഷ്ടം അനുഭവിക്കുന്ന ദൈവജനത്തിനു ക്രിസ്തുവിന്റെ മനോഭാവം ഉണ്ടാകണം.

24-ാം വാക്യത്തിൽ ക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. അതു നമുക്കാർക്കും സഹിക്കുവാൻ സാധിക്കുന്നതല്ല. പാപരഹിതനായ ക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങൾ ചുമന്നു കൊണ്ടു ക്രൂശിൽ മരിച്ചു. അവൻ ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാടായിരുന്നു (യോഹ. 1:29). അവൻ സകല യാഗ ങ്ങളുടെയും പൊരുളാണ്. ക്രിസ്തുവിന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു. വളരെ തെറ്റിദ്ധാ രണകൾക്ക് ഈ വാക്യം വിഷയീഭവിച്ചിട്ടുണ്ട്. ഇവിടെ പറയുന്ന സൗഖ്യം ശാരീരിക സൗഖ്യം അല്ല. രക്ഷിക്കപ്പെ ടാത്തവരുടെ ജീവിതം പാപരോഗം നിറഞ്ഞതാണ്. രക്ഷിക്കപ്പെടുമ്പോൾ അവരുടെ ആത്മാവിനു സൗഖ്യം ലഭി ക്കുന്നു. ക്രിസ്തുവിന്റെ വരവിങ്കൽ നാം തേജസ്ക്കരിക്കപ്പെടും. അന്നു ശരീരത്തിന്റെ വീണ്ടെടുപ്പു സാധിക്കും. അതുവരെയും ഈ മർത്യമായ ശരീരത്തിൽ രോഗവും ദുഃഖവും ഉണ്ട്. കർത്താവിന്റെ ശ്രേഷ്ഠദാസന്മാരിൽ പലരും രോഗികൾ ആയിരുന്നു എന്നുള്ളതും ശ്രദ്ധേയമാണ് (ഫിലി. 2:25-30; 2 കൊരി. 12:7). ഇന്നു നാം നല്ല ഇടയനും അദ്ധ്യക്ഷനുമായ ക്രിസ്തുവിന്റെ പരിപാലനം അനുഭവിക്കുവാൻ പദവി ലഭിച്ചവരാണ്. ആ സൗഭാഗ്യ ജീവിത ത്തിന് ഉടമകളാകുവാൻ കർത്താവ് ഏവരേയും സഹായിക്കട്ടെ.

## അദ്ധ്യായം 3

### ഭാര്യാഭർത്താക്കന്മാരുടെ കടമകൾ (3:1-7)

വിശ്വാസികൾ സാമൂഹ്യ ജീവിതത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ ആണ് നാം രണ്ടാം അദ്ധ്യായം 13 മുതലുള്ള വാക്യങ്ങളിൽ കാണുന്നത്. ഭാര്യാഭർത്താക്കന്മാർ രക്ഷിക്കപ്പെട്ടതുകൊണ്ടു മാത്രം കുടുംബജീവിതം ഭദ്രമാകയില്ല. അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ദൈവവചനത്തിൽ നൽകിയിട്ടുണ്ട്. മൂന്നാം അദ്ധ്യായത്തിൽ ആദ്യ മായി കാണുന്നതു ഭാര്യമാർക്കുള്ള പ്രബോധനം ആകുന്നു. ഭാര്യമാർ രക്ഷിക്കപ്പെട്ടവരും ഭർത്താക്കന്മാർ അവി ശ്വാസികളും ആയ പരിതഃസ്ഥിതിയിൽ ഭാര്യമാർ എങ്ങനെ പെരുമാറണം എന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ സ്ത്രീകളെ കേവലം അടിമകളെപ്പോലെ കരുതിയിരുന്നു. അവിശ്വാസികളായ ഭർത്താക്കന്മാരെ കർത്താ വിങ്കലേക്ക് ആകർഷിക്കുവാൻ ഭാര്യമാർ ദൈവവചനം അനുസരിക്കണം. അവരുടെ നിർമ്മലമായ നടപ്പും ദൈവഭ യവും ഭർത്താക്കന്മാർ ശ്രദ്ധിക്കാതിരിക്കുകയില്ല. ഭർത്താവിനെ ദൈവവചനപ്രകാരം അനുസരിച്ചു കീഴടങ്ങിയ ജീവിതം ഭാര്യമാർ നയിക്കണം. അങ്ങനെ അവരെ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുവാൻ ഭാര്യമാർക്കു കഴി യണം.

സ്ത്രീകളുടെ അലങ്കാരത്തെക്കുറിച്ച് 3 മുതലുള്ള വാക്യങ്ങളിൽ ചൂണ്ടിക്കാണിക്കുന്നു. അവർ സൗന്ദര്യം വർദ്ധിപ്പിക്കുവാൻ വിവിധ കാര്യങ്ങൾ ചെയ്യുന്നു. ബാഹ്യമായ അലങ്കാരം ദൈവസന്നിധിയിൽ വിലയുള്ളതല്ല. സൗമ്യതയും സൈ്വരതയുമുള്ള ഹൃദയം ദൈവസന്നിധിയിൽ വിലയുള്ളതാകുന്നു. ബാഹ്യമായതെല്ലാം നശിച്ചു പോകുന്നതാണ്. എന്നാൽ ആന്തരിക മായ ആത്മീയഗുണങ്ങൾ എന്നേക്കും നിലനിൽക്കുന്നു. ഇതിൽ ഏതിനു പ്രാധാന്യം നൽകണം എന്നു തിരഞ്ഞെടുക്കുവാൻ ഓരോരുത്തർക്കും സ്വാത ന്ത്ര്യം ഉണ്ട്. ദൈവമക്കൾ മാന്യമായ വസ്ത്രം ധരിക്കുന്നവർ ആകണം. ബാഹ്യമായ വസ്ത്രധാരണം ആന്തരിക അലങ്കാരത്തെ ഇല്ലാതാക്കരുത്. മാതൃക യുള്ള വിശുദ്ധ സ്ത്രീകളെക്കുറിച്ചു നാം വചനത്തിൽ കാണുന്നുണ്ട്. അവർ ദൈവത്തിൽ പ്രത്യാശ വെച്ചവരും ദൈവത്തിനായി വേർതിരിക്കപ്പെട്ടവരും ആയിരുന്നു. കൂടാതെ അവർ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നു. അതിനു സാറയെ ദൃഷ്ടാന്തമായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവൾ ദൈവത്തിൽ ആശ്രയിച്ചു ഭർത്താവിനു കീഴടങ്ങി നന്മ ചെയ്തു ജീവിച്ചിരുന്നു. അവർക്കു ഭർത്താവിന്റെ ഭീഷണിയെ പേടിക്കുവാൻ ആവശ്യമില്ല. ഇപ്രകാരം മാതൃക യുള്ള ജീവിതം നയിക്കുന്നവരെ സാറയുടെ മക്കൾ എന്ന് ഇവിടെ വിശേഷിപ്പിക്കുന്നു. ദൈവം മാനിക്കുന്ന മാതൃ കാജീവിതം നയിക്കുവാൻ സഹോദരിമാർക്ക് ഇടയാകട്ടെ.

7-ാം വാക്യത്തിൽ കാണുന്നതു ഭർത്താക്കന്മാർക്കുള്ള പ്രബോധനമാണ്. അവർ ഭാര്യമാർക്കു ബഹുമാനം കൊടുക്കുന്നവർ ആകണം. ഭാര്യാഭർത്താക്കന്മാർ അന്യോന്യം ബഹുമാനിക്കുമ്പോൾ മാത്രമേ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളൂ. പ്രാർത്ഥനയിൽ ഹൃദയ ഐക്യം ഉള്ളവരാകണം എന്നു സാരം. ബഹുമാനി ക്കുക എന്നതിന്റെ ആശയം സ്ഥാനവും മാനവും അംഗീകരിച്ചു പെരുമാറുക എന്നാണ്. ഭാര്യമാരെ കീഴടക്കുവാൻ ഭർത്താക്കന്മാരോടു പറയുന്നില്ല. ഭാര്യമാരെ അടിമകളാക്കി തങ്ങളുടെ ഇഷ്ടത്തിന് ഉപയോഗിക്കുന്ന പരിചയം അന്നു ജാതികളിൽ ഉണ്ടായിരുന്നു. ദൈവമക്കൾ ആ മാതൃക അനുകരിക്കുന്നവർ ആകരുത്.

ഭാര്യമാർ ബലഹീനപാത്രമാകയാൽ അവരെ ബഹുമാനിക്കണം. അത് അവരുടെ ശരീരത്തെ സൂചിപ്പിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അവരെ സംരക്ഷിച്ചു പോറ്റി പുലർത്തുവാനുള്ള ചുമതല ഭർത്താക്കന്മാർക്കുണ്ട്. കൂടാതെ അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ ആകയാൽ അവരെ ബഹുമാനിക്കണം. ക്രിസ്തുവിൽനിന്നും ലഭി ക്കുന്ന നിത്യജീവനു പുരുഷനും സ്ത്രീയും ഒരുപോലെ അവകാശം ഉള്ളവരാണ്. കുടുംബജീവിതം ഭൂമിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ബന്ധമാകുന്നു. എന്നാൽ നിത്യജീവൻ നിലനിൽക്കുന്ന ബന്ധമാകയാൽ അതിന് അവകാശികളായ ഭാര്യമാരെ ബഹുമാനിക്കണം. ഭർത്താക്കന്മാർ വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിക്കണം. ഭാര്യയുടെ ഇഷ്ടങ്ങളും താല്പര്യങ്ങളും സ്വഭാവവും മനസ്സിലാക്കി അവളോടു പെരുമാറുവാൻ ഭർത്താവിനു കഴിയണം. അങ്ങനെയുള്ള ദാമ്പത്യജീവിതം സന്തോഷവും മാന്യതയും ഉള്ളതായിരിക്കും. ഇന്നു സമൂഹത്തിൽ നടക്കുന്ന കുടുംബച്ഛിദ്രതയ്ക്കുള്ള മുഖ്യകാരണം ഈ വിവേകത്തിന്റെ കുറവാകുന്നു. ഭാര്യാഭർത്താക്കന്മാർ അന്യോന്യം അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുമ്പോൾ കുടുംബജീവിതം സന്തോഷവും സംതൃപ്തിയും ഉള്ളതായിത്തീരും.

### പീഡ സഹിക്കുന്നവർക്കുള്ള പ്രബോധനം (3:8-22)

ദൈവമക്കൾ ഐകമത്യമുള്ളവരായിരിക്കണം. ഇത് ആത്മീയ ഐക്യമാണ്, സംഘടനാപരമായ ഐക്യമല്ല. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവ ങ്ങൾ തമ്മിൽ ഒരു ജീവൽബന്ധവും ഐക്യവും ഉണ്ട്. പരിശുദ്ധാത്മസ്നാ നത്താൽ ഉളവാകുന്ന ബന്ധമാണ് ഇത് (1 കൊരി. 12:13). ക്രിസ്തീയ ജീവിത ത്തിൽ ഉപദ്രവങ്ങൾ ഉണ്ടാകുമ്പോൾ അതിനെ അഭിമുഖീകരിക്കുവാൻ വിശ്വാസികൾ ആത്മീയ ഐക്യമുള്ളവരായിരിക്കണം. അങ്ങനെ കഷ്ടതയുടെ മദ്ധ്യത്തിലും ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകും (റോമർ 15:5,6).

ദൈവമക്കൾ സഹതാപമുള്ളവർ ആകണം. മറ്റുള്ളവരുടെ ദുഃഖവും പ്രയാസവും സ്വന്തദുഃഖമായി ചിന്തിക്കു മ്പോൾ ഉണ്ടാകുന്ന വികാരമാണ് സഹതാപം. ആത്മീയ ഐക്യം പ്രായോഗികമാകുന്നതു സഹതാപത്തിലൂടെയാ കുന്നു. കഷ്ടതയുടെ മദ്ധ്യത്തിൽ ദൈവമക്കൾ സഹതാപമുള്ളവർ ആകണം. സഹോദരപ്രീതി കഷ്ടതകളിൽ ആന്ത

രികബലം നൽകുന്നു. വിശ്വാസികൾ അന്യോന്യം സ്നേഹിക്കുന്നത് അവർ സഹോദരന്മാർ ആയതുകൊണ്ടാണ്. സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ലാത്ത ഒരു ബന്ധമാണ് സഹോദരബന്ധം. നാം അന്യോന്യം സ്നേഹിക്കുമ്പോൾ ലോകം നമ്മെ ക്രിസ്തുവിന്റെ ശിഷ്യന്മാരായി അറിയും (യോഹ. 13:34,35). അപ്പോൾ സാത്താൻ പരാജയപ്പെടും. ഈ സ്നേഹബന്ധം പാലിച്ചിരുന്നെങ്കിൽ അനേകം ഭിന്നതകളും പ്രയാസങ്ങളും ഒഴിവാക്കാമായിരുന്നു.

മനസ്സലിവുള്ളവരാകുവാൻ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. സഹതാപവും മനസ്സലിവും രണ്ടു കാര്യ ങ്ങൾ ആണ്. മറ്റുള്ളവരുടെ സങ്കടത്തിൽ പങ്കുചേരുന്നതാണ് സഹതാപം. എന്നാൽ അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുന്നതാണ് മനസ്സലിവ്. സഹോദരപ്രീതി മനസ്സലിവിലേക്കു നയി ക്കണം. കഷ്ടതകളിൽ നാം അന്യോന്യം മനസ്സലിവുള്ളവർ ആകണം.

ദൈവമക്കൾ അന്യോന്യം വിനയബുദ്ധി ഉള്ളവരാകണം. ആദരവു കാണിക്കണം എന്ന് അർത്ഥം. ക്രിസ്തു വിന്റെ ഭാവമായ താഴ്മയുള്ളവരായി ജീവിക്കണം. താഴ്മയുള്ളവർക്കു മാത്രമേ അന്യോന്യം ക്ഷമിക്കുവാൻ കഴിക യുള്ളൂ. ക്രിസ്തു വിനയത്തിന്റെ മാതൃക നൽകിയിരിക്കുന്നു. താഴ്മ ബലഹീനതയല്ല, ദൈവം ആദരിക്കുന്ന ഗുണ വിശേഷം ആകുന്നു. ദൈവമക്കൾ ദോഷത്തിനു പകരം ദോഷം ചെയ്യുന്നവർ ആകരുത്. അതു ലോകജാതി കളുടെ പ്രമാണം ആകുന്നു. തങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ക്രിസ്തു ശിഷ്യന്മാരെ ഉപദേശിച്ചു (മത്താ. 5:44). പ്രതികാരം യഹോവ യ്ക്കുള്ളതാകുന്നു. പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം. സമൃദ്ധിയായ ആത്മീയ ജീവിതം നയിക്കുവാൻ ദോഷം വിട്ടകലണം. സമാധാനം ആഗ്രഹി ക്കണം. നാവുകൊണ്ടു പാപം ചെയ്യാതിരി ക്കണം. കർത്താവ് നീതിമാന്മാരെ പരിപാലിപ്പാൻ ശക്തനും സന്നദ്ധനു മാകുന്നു. എന്നാൽ അവന്റെ മുഖം ദുഷ്പ്രവൃത്തിക്ക് പ്രതികൂലമായിരിക്കുന്നു. അവർ ന്യായം വിധിക്കപ്പെടും. ഇതു സങ്കീർത്തനം 34:12–16 വരെയുള്ള വാക്യങ്ങളുടെ ഉദ്ധരണിയാകുന്നു.

ദൈവമക്കൾ പ്രതികൂലസാഹചര്യങ്ങളിൽ നന്മ ചെയ്യുന്നതിൽ ശുഷ്കാന്തി യുള്ളവർ ആകണം. ദൈവം അനു കൂലമെങ്കിൽ പ്രതികൂലം ആർ എന്ന അറിവ് അതിനു നമ്മെ പ്രേരിപ്പിക്കണം. നീതിനിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാൽ സന്തോഷിക്കണം. ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി അഥവാ സുവി ശേഷത്തിനായി കഷ്ടം സഹി ക്കുന്നതു ഭാഗ്യമാകുന്നു. ലോകം നൽകുന്ന കഷ്ടതയിൽ നാം ഭ്രമിക്കേണ്ട ആവശ്യമില്ല. കാരണം നമ്മുടെ ഹൃദയം സർവ്വശക്തിയുള്ള ദൈവത്തിൽ ആശ്രയിക്കുന്നു. അവനാണ് നമ്മുടെ രക്ഷാനായകനും പരിപാലകനും. അവ നിൽ ആശ്രയിക്കുന്നവർക്കു പൂർണ്ണജയം വാഗ്ദത്തം ചെയ്തിരിക്കുന്നു. ക്രിസ്തുവിനോടുള്ള ഭയഭക്തിയിൽ കഴി യുമ്പോൾ ആരുടെയും ഭീഷണിയെ ഭയപ്പെടേണ്ടതില്ല. അവനിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവരോടും പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിക്കണം. വിശ്വാസികൾ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷി ക്കപ്പെട്ടവരും അവന്റെ ഉപദേശം അനുസരിക്കുന്നവരും ആയിരുന്നു. അവർ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കയും അതിന്റെ സാക്ഷികൾ ആകയും ചെയ്തു. ക്രിസ്തുവിന്റെ രണ്ടാം വരവ് അവരുടെ ഭാഗ്യകരമായ പ്രത്യാശയായിരുന്നു. അവർ മരിച്ചവരുടെ പ്രത്യാശയേയും പുനരുത്ഥാനത്തേയും കുറിച്ചു വിസ്തരിക്കപ്പെട്ടിരുന്നു (പ്രവൃ. 23:6). ബൈബിൾ വെളിപ്പെടുത്തുന്ന സത്യങ്ങൾ അവിശ്വാസികൾക്കു പരിഹാസവിഷയം ആയിരുന്നു. അവരോടു സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം ചെയ്യണം എന്ന് ഉദ്ബോധിപ്പിക്കുന്നു. വാദിച്ചു ജയിക്കു വാനല്ല പ്രത്യുത അവർ സത്യം ഗ്രഹിച്ചു രക്ഷിക്ക പ്പെടുവാനാണ് പ്രതിവാദം ചെയ്യേണ്ടത്. അതിനു ദൈവത്തോടു ഭയഭക്തി യും മനുഷ്യരോട് ആദരവും പ്രകടിപ്പിക്കുന്ന മനോഭാവം ഉണ്ടാകണം. നന്മ ചെയ്തിട്ടു കഷ്ടം സഹിക്കു വാനുള്ള മനസ്സുള്ളവർ ആകണം. ലോകം ക്രിസ്തുവിനെ അറിയാത്തതുകൊണ്ടു നമ്മെയും അറിയുന്നില്ല. അതു കൊണ്ടാണ് അവർ നമ്മെ ദുഷിക്കയും ഉപദ്രവിക്കയും ചെയ്യുന്നത് (യോഹ. 15:18). കഷ്ടം സഹിക്കുന്നതു ദൈവ യിഷ്ടം ആണെന്നു മനസ്സിലാക്കി തിന്മ ചെയ്യാതെ നന്മ ചെയ്തുകൊണ്ടു കഷ്ടം സഹിക്കുമ്പോൾ നല്ല മന സ്സാക്ഷി ഉണ്ടാകുന്നു. അതു കണ്ട് അവിശ്വാസികൾ ലജ്ജിതർ ആകും.

18-ാം വാക്യത്തിൽ ക്രിസ്തുവിന്റെ കഷ്ടമരണത്തെക്കുറിച്ചു ചൂണ്ടിക്കാ ണിക്കുന്നു. അവൻ പാപരഹിതനും നന്മ മാത്രം ചെയ്തവനുമാണ്. എന്നാൽ നമ്മെ ദൈവത്തോടു നിരപ്പിക്കേണ്ടതിനു നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ജഡത്തിൽ മരണശിക്ഷ ഏൽക്കയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു. ക്രിസ്തു മരിച്ചപ്പോൾ അവന്റെ ആത്മാവ് പിതാവിന്റെ കയ്യിൽ ഏൽപ്പിക്കപ്പെട്ടിരുന്നു. ക്രിസ്തുവിനായി കഷ്ടം സഹിച്ചു മരിച്ചാൽ അവരുടെ ആത്മാവ് കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമായിരിക്കും എന്ന ആശയമാണ് ഇവിടെ കാണുന്നത്.

19-ാം വാക്യത്തിൽ ക്രിസ്തു ആത്മാവിൽ പ്രസംഗിച്ചതായി പറയുന്നു. നോഹയുടെ കാലത്തുണ്ടായിരുന്ന അനുസരണം കെട്ടവരോടാണ് നോഹയിൽക്കൂടി പ്രസംഗിച്ചത്. പഴയനിയമപ്രവാചകന്മാരിൽ ക്രിസ്തുവിന്റെ ആത്മാവ് സംസാരിച്ചിരുന്നു (1:11). 120 വർഷങ്ങൾ നീതിപ്രസംഗിയായ നോഹ പ്രസംഗിച്ചു. പക്ഷെ ജനം അനുസ രിക്കാഞ്ഞതിനാൽ ന്യായവിധി അവരുടെ മേൽ ഉണ്ടായി. അവരുടെ ആത്മാക്കൾ ഇന്നു തടവിലാണ്. എന്നാൽ എട്ടുപേർ വെള്ളത്തിലൂടെ രക്ഷപ്പെട്ടു. പെട്ടകം ദൈവത്തിന്റെ ന്യായവിധിയുടെ വെള്ളത്തിൽ ആയിരുന്നു. പെട്ടകം ക്രിസ്തുവിനെ കാണിക്കുന്നു. ഇന്നും ക്രിസ്തുവിനെ പ്രസംഗിക്കേണ്ടവർ ക്രിസ്തുവിന്റെ ആത്മാവുള്ളവരും ശക്തി യുള്ളവരും ആയിരിക്കണം (റോമർ 8:9; പ്രവൃ. 1:8). ക്രിസ്തുവിനായി കഷ്ടം സഹിക്കുന്നതിനു ധൈര്യം നൽകുന്ന ചിന്തകളാണ് ഇവിടെ കാണുന്നത്.

പെട്ടകത്തിൽ പ്രവേശിച്ചു രക്ഷപ്രാപിച്ചതു സ്നാനത്തിനു മുൻകുറി യായിരുന്നു. സ്നാനം ജഡത്തിന്റെ അഴുക്കു കളയുന്നതല്ല. കേവലം വെള്ളത്തിൽ മുങ്ങുന്നതും ക്രൈസ്തവ സ്നാനമല്ല. ക്രിസ്തുവിനോടു കൂടെ മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേല്ക്കുന്നതിന്റെ ചിഹ്നമാണ് സ്നാനം. മുങ്ങു ന്നതു മരണത്തിന്റെയും വെള്ള ത്തിൽനിന്നു പൊങ്ങിവരുന്നത് ഉയിർത്തെഴുന്നേല്പിന്റെയും സാദൃശ്യം ആകുന്നു. പാപി സുവിശേഷത്തിൽ വിശ്വ സിക്കുമ്പോൾ ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോട് ഏകീഭവിക്കുന്നു. അപ്പോൾ ദൈവം അവന്റെ പാപങ്ങൾ ക്ഷമിച്ചു എന്നുള്ള ബോധം മനസ്സാക്ഷിയിൽ പരിശുദ്ധാത്മാവ് നൽകുന്നു (എബ്രാ. 9:14). സ്നാനം ആ നല്ല മന സ്സാക്ഷി ഉണ്ടെന്നുള്ളതിന്റെ സാക്ഷ്യം ആകുന്നു.

22-ാം വാക്യം ക്രിസ്തുവിന്റെ ഉയർച്ചയെയും അധികാരത്തെയും കാണിക്കുന്നു. അവൻ മരിച്ചവരിൽനിന്നും തേജസ്സോടെ ഉയിർത്തെഴുന്നേറ്റ കർത്താവാണ്. അവൻ സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. അവിടെ നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനായി പക്ഷവാദം ചെയ്യുന്നു. കഷ്ടത സഹിക്കുന്നവരെ സഹായിക്കുവാൻ അവൻ കഴിവുള്ളവനാകുന്നു. ദൂതന്മാരും അധികാരങ്ങളും അവനു കീഴ്പ്പെട്ടിരിക്കുന്നു. അതു കൊണ്ടു കർത്താവിൽ ആശ്രയിക്കുന്നവർക്കു പതറിപ്പോകുവാൻ ആവശ്യമില്ല. കഷ്ടതയുടെ മദ്ധ്യത്തിലും നമ്മെ ജയോത്സവമായി നടത്തുവാൻ അവനു കഴിയും. ഈ രക്ഷിതാവിൽ ആശ്രയിച്ചു ജീവിക്കുന്നത് എത്ര ഭാഗ്യമുള്ള ത്.

## അദ്ധ്യായം 4

### കഷ്ടത അനുഭവിക്കുന്നവർക്ക് ഉണ്ടാകേണ്ട മനോഭാവം (4:1-6)

ദൈവമക്കൾ പാപത്തിൽനിന്നും ഒഴിഞ്ഞിരിക്കുവാനുള്ള പ്രബോധന മാണ് ഇവിടെ കാണുന്നത്. കഷ്ടം സഹിക്കുന്നവർ പാപം ചെയ്യുവാൻ പരീ ക്ഷിക്കപ്പെടാവുന്നതാണ്. ക്രിസ്തുവിന്റെ മരണം നമ്മുടെ പാപത്തിനു പരി ഹാരം വരുത്തുന്നതിനായിരുന്നു. അവന്റെ കഷ്ടങ്ങൾ മരണം വരെ ഉണ്ടായിരുന്നുള്ളൂ. അതിന്റെ ശേഷം ക്രിസ്തു മഹത്വപ്പെട്ടു. അതുപോലെ കർത്താവിൽ ആശ്രയിച്ചു മരണംവരെ കഷ്ടം സഹിക്കുവാനുള്ള മനോ ഭാവം നമുക്കുണ്ടാകണം. ശത്രുവിന്റെ ആക്രമണങ്ങളെ നേരിടുവാൻ ക്രിസ്തുവിനു പാപത്തോടുണ്ടായിരുന്ന മനോ ഭാവം ആയുധമായി നാം ധരിക്കുന്നവർ ആകണം. ദൈവമക്കൾ മനുഷ്യരുടെ അഥവാ ജഡമോഹങ്ങൾക്കനുസ രിച്ചു ജീവിക്കുന്നവർ ആകരുത്. അതിന്റെ ഒരു പട്ടിക മൂന്നും നാലും വാക്യങ്ങളിൽ കാണുന്നു. പാപം വിട്ടൊ ഴിഞ്ഞു ജീവിച്ചാൽ പാപികളിൽനിന്നുള്ള വിരോധം ഉണ്ടാകും. അപ്പോൾ അവർ നീതിനിമിത്തം കഷ്ടം സഹിക്കു ന്നവർ ആകും. മനുഷ്യരാൽ ഉപദ്രവവും നിന്ദയും അനുഭവിക്കും. ക്രിസ്തുവിൽ ദൃഷ്ടി ഉറപ്പിച്ചു ജീവിക്കുന്ന വർക്കു ശത്രുവിന്റെ പോരാട്ടങ്ങളിൽനിന്നും വിജയം പ്രാപിക്കുവാൻ കഴിയും (എബ്രാ. 12:3,4). അവർ ക്രിസ്തു വിന്റെ മരണപുനരുത്ഥാന ത്തോട് ഏകീഭവിച്ചവരാണ്. പാപത്തിനു മരിച്ചു പുതുജീവൻ ക്രിസ്തുവിൽ ലഭിച്ചവരാ ണ്. അതുകൊണ്ട് പഴയ ജീവിതത്തിൽ പിന്നെയും രസിക്കുന്നവരാകാതെ നീതിയുള്ള ജീവിതം നയിക്കുന്നവർ ആകണം. പാപത്തിൽ രസിച്ചുകൊണ്ടു ദൈവജനത്തെ ഉപദ്രവിക്കുന്നവർ ഒരിക്കൽ ന്യായാധിപനായ ക്രിസ്തു വിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടി വരും. ഈ അറിവ് കഷ്ടം സഹിക്കുന്നവർക്കു ധൈര്യവും ആശ്വാ സവും നൽകുന്നതാണ്. കർത്താവിനായി കഷ്ടം സഹിക്കുന്നവർ അവനോടുകൂടെ വാഴും (2 തിമൊ. 2:11). ആ പ്രത്യാശ നമ്മുടെ ജീവിതത്തെ ധന്യമാക്കി തീർക്കട്ടെ.

6-ാം വാക്യത്തിലെ മരിച്ചവർ, സുവിശേഷം കേട്ടു വിശ്വസിച്ചവരും ദൈവത്തിനായി ജീവിച്ചതുകൊണ്ടു മനു ഷ്യരാൽ കൊല്ലപ്പെട്ടവരുമായ വിശുദ്ധന്മാ രാണ്. അവരുടെ ജഡത്തിലുള്ള ജീവിതം ദൈവാത്മാവിനാൽ നിയന്ത്രി ക്കപ്പെട്ടിരുന്നു. ജഡസംബന്ധമായി വിധിക്കപ്പെടുക എന്നത് ഒരു വിശ്വാസി ജഡത്തിൽ ജീവിക്കുമ്പോൾ അവന്റെ ജീവിതത്തെ മറ്റുള്ളവർ വിധിക്കുന്നതിനെ സൂചിപ്പിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അവർ മരണപര്യന്തം വിശ്വ സ്തരായിരുന്നു. ഈ വാക്യം മരിച്ചുപോയവർക്കു പിന്നെയും രക്ഷിക്കപ്പെടാൻ അവസരം ലഭിക്കും എന്ന് ഉപദേ ശിക്കുന്നില്ല. ബൈബിളിൽ ഒരു സ്ഥലത്തും ആ ഉപദേശത്തിന് അടിസ്ഥാനം ഇല്ല. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും സകല മനുഷ്യർക്കും നിയമിച്ചിരിക്കുന്നു (എബ്രാ. 9:27).

### ദൈവമക്കൾ സുബോധമുള്ളവർ ആകണം (4:7-11)

“എല്ലാറ്റിന്റെയും അവസാനം” എന്നതു നമ്മുടെ കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചുള്ള സൂചനയാകു ന്നു. നമ്മുടെ കഷ്ടതകൾ അവസാനിക്കാ റായി എന്ന ചിന്ത കർത്താവിന്റെ മാതൃക അനുകരിക്കുവാൻ പ്രേരിപ്പി ക്കണം. കർത്താവിൽ കൂടുതൽ ആശ്രയിക്കുന്നവർ ആക്കണം. സുബോധമുള്ള ജീവിതം നയിക്കുവാൻ പ്രേരിപ്പി ക്കണം. കൂടുതൽ പ്രാർത്ഥിക്കുന്നവർ ആക്കണം. മറ്റുള്ളവരോടു സഹാനുഭൂതിയുള്ളവർ ആക്കണം. നാം കൂടു തൽ സ്നേഹിക്കുന്നവരും ക്ഷമിക്കുന്നവരും ആകണം. മറ്റുള്ളവരുടെ ന്യൂനതകൾ കൊട്ടിഘോഷിക്കുന്നതു സ്നേഹ ത്തിന്റെ കുറവ് വെളിപ്പെടുത്തുന്നു. അതിഥിസൽക്കാരപ്രിയർ ആകണം. നാം അന്യോന്യം ശുശ്രൂഷിക്കുന്നവർ ആകണം. ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ വിശ്വസ്തരാകണം. നാം ദൈവകൃപയുടെ ഗൃഹവി ചാരകന്മാരാണ്. വചനം ശ്രദ്ധയോടും ദൈവം നൽ കുന്ന പ്രാപ്തിക്കനുസരണമായും ശുശ്രൂഷിക്കുന്നവർ ആകണം (2 തിമൊ. 2:15). നമ്മുടെ ജീവിതവും പ്രവൃത്തികളും മുഖാന്തരം കർത്താവ് മഹത്വപ്പെടണം. കർത്താവിന്റെ വരവ് നമ്മെ ആത്മീയ അലസന്മാരാക്കരുത്. കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരുവാൻ നമുക്ക് ഇടയാകണം. അതിനു

കർത്താവ് ഏവരെയും സഹായിക്കട്ടെ.

## അഗ്നിശോധനയിൽ സന്തോഷിക്കുക (4:12-19)

ദൈവജനം അനുഭവിക്കുവാൻ പോകുന്ന അസാധാരണ കഷ്ടതകളെക്കുറിച്ച് മുന്നറിവ് ഇവിടെ നൽകുന്നു. അത് അഗ്നിശോധനയാണ്. ആർക്കും അതിശയം ഉളവാക്കുന്നതാണ്. നീറോ ചക്രവർത്തിയുടെ കാലത്ത് ആരംഭിച്ച മതപീഡയെക്കുറിച്ചുള്ള സൂചനയാണ് ഇത്. റോമാസാമ്രാജ്യത്തിലെങ്ങും അതു വ്യാപിച്ചിരുന്നു. റോമാ നഗരം ക്രിസ്ത്യാനികളാണ് കത്തിച്ചുനശിപ്പിച്ചതെന്ന് ആരോപിച്ചുകൊണ്ടാണ് പീഡ ആരംഭിച്ചത്. ദുഷ്പ്രവൃത്തിക്കാർ എന്ന് അവരെ മുദ്രയടിച്ചിരുന്നു. അവരെ തോട്ടത്തിലെ തീപ്പന്തങ്ങളാക്കി നീറോ രഥത്തിൽ സഞ്ചരിച്ചു രസിച്ചു. തീ കുണ്ഡങ്ങളിൽ അവർ എറിയപ്പെട്ടു. വന്യമൃഗങ്ങളുടെ മുമ്പിലിട്ടു വിനോദിച്ചു. ഇവ പരീക്ഷയ്ക്കായി സംഭവിച്ചിരുന്ന അഗ്നിശോധന എന്നത്രെ പത്രൊസ് വിശേഷിപ്പിക്കുന്നത്. ദൈവ മക്കൾക്കു കഷ്ടങ്ങൾ ഉണ്ടാകയില്ല എന്ന ചിന്താഗതി ദൈവവചനത്തിനു നിരക്കുന്നതല്ല. ദൈവം അത് അനുവദിച്ചു എന്നുള്ള അറിവ് ദൈവത്തിൽ ആശ്രയിക്കുവാനും സന്തോഷിക്കുവാനും ഇടയാക്കും. അല്ലാത്തവർക്ക് ഇത് ഒരു അപൂർവ്വ കാര്യമായിട്ടു മാത്രമേ തോന്നുകയുള്ളൂ. ക്രിസ്തുവിന്റെ നാമത്തിൽ കഷ്ടത സഹിക്കുന്നവർ അവന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരായി തീരുന്നു. അവന്റെ ക്രൂശുമരണത്തിൽ ആർക്കും പങ്കുള്ളവരാകുവാൻ കഴിയുന്നതല്ല. എന്നാൽ ക്രിസ്തു ജീവിതത്തിൽ അനുഭവിച്ച കഷ്ടതകൾക്കു പങ്കുള്ളവരാകുവാൻ കഴിയും. കർത്താവിന്റെ വീണ്ടും വരവിങ്കൽ അവർ തേജസ്സുള്ളവരായി ആനന്ദിക്കും. ക്രിസ്തുവിനുവേണ്ടി നിന്ദയും ഉപദ്രവവും സഹിക്കുന്നവർക്കുള്ള പദവിയാണ് അത്. അവനെ ധ്യാനിക്കുന്നവർ കഷ്ടതയിൽ തളർന്നുപോകയില്ല.

കഷ്ടതയുടെ മൂലകാരണം പാപമാണ് (ഉല്പ. 3:16,17). അതുകൊണ്ട് കഷ്ടത സകല മനുഷ്യർക്കും ഉള്ളതാണ്. കഷ്ടതകളിൽ സന്തോഷിക്കുവാൻ അവർക്കു കഴിയുന്നതല്ല. എന്നാൽ ക്രിസ്തുവിനായി കഷ്ടം സഹിക്കുമ്പോൾ സന്തോഷിക്കുവാൻ കഴിയുന്നു. അങ്ങനെ ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിക്കുന്നവർ ആകണം. അവന്റെ കഷ്ടങ്ങളിൽ പങ്കുള്ളവർക്ക് അവന്റെ തേജസ്സിനും പങ്കുകാരാകാൻ കഴിയും. അതു ചിന്തിക്കുമ്പോൾ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല (2 കൊരി. 4:17). ആ അറിവ് നമുക്ക് ആശ്വാസവും ധൈര്യവും നൽകും. നമുക്കു ലഭിപ്പാനുള്ള നിത്യതേജസ്സിലുള്ള പ്രത്യാശയിൽ സന്തോഷിപ്പാൻ കർത്താവ് സഹായിക്കട്ടെ. ദൈവമക്കളിൽ പരിശുദ്ധാത്മാവ് വസിക്കുന്നതുകൊണ്ട് അവർക്കു സന്തോഷിക്കുവാൻ കഴിയും (4:14). ദൈവത്തിന്റെ മഹത്വസമ്പൂർണ്ണമായ സാന്നിദ്ധ്യം അവർ കഷ്ടതയുടെ നടുവിലും അനുഭവിക്കുന്നു. ആ ദിവ്യ സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ടു സ്തെഫാനൊസ് ക്രിസ്തുവിന്റെ നാമം നിമിത്തം രക്തസാക്ഷിയായി മരിച്ചു. അത് എത്ര ഭാഗ്യമുള്ള പദവിയായിരുന്നു.

15-ാം വാക്യത്തിൽ ക്രിസ്ത്യാനിയായി കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത് എന്ന് പ്രബോധിപ്പിക്കുന്നു. ദുഷ്പ്രവൃത്തിക്കാരും പരകാര്യങ്ങളിൽ ഏർപ്പെടുന്നവരും കഷ്ടങ്ങളിൽ ലജ്ജിതരാകും. ഒരു വിശ്വാസി ആ വക കാര്യങ്ങളിൽ ഏർപ്പെടരുത്. ക്രിസ്ത്യാനി എന്ന നാമം മൂന്നു പ്രാവശ്യം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തുവിനോടു ചേർന്നവൻ എന്നാണ് അതിന്റെ അർത്ഥം. അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേർ ലഭിച്ചു. സ്വല്പം പരിഹാസം കലർന്ന ഒരു പേരായിരുന്നു അത് (പ്രവൃ. 11:26). അഗ്രിപ്പാരാജാവും ഈ നാമം ഉദ്ധരിച്ചി രുന്നു (പ്രവൃ. 26:28). അതും നിന്ദ്യമായ ഒരു കാര്യമാണെന്നുള്ള ധ്വനി നൽകുന്നുണ്ട്. ക്രിസ്ത്യാനി ക്രിസ്തുവിനെ അനുഗമിക്കുന്നവനും നീതിയുള്ള ജീവിതം നയിക്കുന്നവനുമാണ്. അവൻ ദുഷ്പ്രവൃത്തികളിൽ സന്തോഷിക്കുന്നവനല്ല. ക്രിസ്തുവിനുവേണ്ടി നീതി നിമിത്തം കഷ്ടം സഹിക്കുന്നവനാണ്. അവനു ലജ്ജിക്കുവാൻ ആവശ്യമില്ല. അവന്റെ ജീവിതം ദൈവത്തെ മഹത്വപ്പെടുത്തുന്ന ജീവിതമാണ്. അതുകൊണ്ടു ക്രിസ്ത്യാനി എന്ന നാമം ധരിക്കുന്നവർ അഭിമാനം കൊള്ളണം. ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന ഒരു ജീവിതം നയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

വിശ്വാസികൾ അന്ന് അഗ്നിശോധന സഹിക്കുന്നവർ ആയിരുന്നു. ദൈവം കാലാകാലങ്ങളിൽ തന്റെ ജനത്തെ ശോധന ചെയ്തിരുന്നു. ദൈവത്തിൽ ആശ്രയിക്കുന്ന ഭക്തന്മാർ ആരാണെന്നു തെളിയിക്കുവാനാണ് അവർ പരിശോധിക്കപ്പെട്ടത് (മലാഖി 3:3). അതിനെ ദൈവഗൃഹത്തിലുണ്ടാകുന്ന ന്യായവിധിയായി വിശേഷിപ്പിച്ചിരിക്കുന്നു. അങ്ങനെ ദൈവജനത്തെ ശുദ്ധീകരിക്കുന്ന പ്രക്രിയ ദൈവം വിശ്വാസികളിൽ നടത്തുമെങ്കിൽ അവിശ്വാസികൾക്കുണ്ടാകുന്ന ന്യായവിധി എത്ര കഠിനമായിരിക്കും എന്ന് ഊഹിക്കാവുന്നതേയുള്ളു. ആ ന്യായവിധി ലോകത്തിൽ ചൊരിയുവാൻ സമയം ആസന്നമായിരിക്കുന്നു.

ദൈവജനം നീതിനിമിത്തം കഷ്ടം സഹിക്കുന്നവരാണ്. എങ്കിലും ഒടുവിൽ രക്ഷയുടെ അന്തമായ തേജസ്കരണം പ്രാപിക്കും. അതാണ് രക്ഷ പ്രാപിക്കും എന്നതിന്റെ ആശയം. അവരുടെ പ്രതിഫലം അതാണ്. എന്നാൽ അഭക്തർക്കും പാപികൾക്കും നിത്യശിക്ഷാവിധി ഉണ്ടാകും. അവരുടെ അവസാനം നാശം ആകുന്നു. വിശ്വാസികൾ കഷ്ടതയുടെ മദ്ധ്യത്തിൽ നന്മ ചെയ്യുന്നവർ ആകണം. അവരെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണം. പ്രതികാരം യഹോവയ്ക്കുള്ളതാകുന്നു. നമ്മുടെ കഷ്ടതകൾ ദൈവഹിതപ്രകാരമാണോ എന്ന് ഉറപ്പുവരുത്താം. നമ്മുടെ കർത്താവിനെപ്പോലെ ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ചും സമർപ്പിച്ചുമുള്ള ജീവിതം നമുക്കു നയിക്കാം. ക്രിസ്തുവിന്റെ നാമം നിമിത്തം കഷ്ടം സഹിക്കുന്നതു ഭാഗ്യമായി കരുതാം. കർത്താവ് സഹായിക്കട്ടെ.

## അദ്ധ്യായം 5

### മൂപ്പന്മാർക്കുള്ള ഉത്തരവാദിത്വം (5:1-4)

അഗ്നിശോധന സഹിക്കുന്ന സഭയ്ക്ക് അന്നു കഴിവും മാതൃകയും ഉള്ള നേതൃത്വം ആവശ്യമായിരുന്നു. ദൈവ ജനത്തിനു ധൈര്യവും പ്രോത്സാഹനവും നൽകുവാനുള്ള ഉത്തരവാദിത്വം അവർക്കുണ്ടായിരുന്നു. അതിന് ആവശ്യമായ പ്രബോധനമാണ് പത്രൊസ് ആദ്യത്തെ നാലു വാക്യങ്ങളിൽ നൽകുന്നത്. പത്രൊസ് ഒരു കൂട്ടുമൂപ്പൻ ആയിരുന്നു. മറ്റു മൂപ്പന്മാരുടെ മേൽ താൻ അധികാരം നടത്തിയിരുന്നില്ല. അപ്പൊസ്തലന്മാർ സഭകളിൽ മൂപ്പന്മാരെ നിയമിച്ചിരുന്നു (പ്രവൃ. 14:23). അവർ ആത്മീയ പക്വതയും പരിജ്ഞാനവും പരിപാലനവരവും ഉള്ളവർ ആയിരുന്നു. യെരൂശലേം സഭയിൽ മൂപ്പന്മാർ ഉണ്ടായിരുന്നു (പ്രവൃ. 11:30). അവരെ അദ്ധ്യക്ഷന്മാർ (Bishops) എന്നും ഇടയന്മാർ (Pastors) എന്നും വിളിച്ചിരുന്നു. ദൈവജനത്തെ വചനത്തിൽക്കൂടി പരിപാലിക്കുവാനും മാതൃകാജീവിതം നയിക്കുവാനും അവർക്കു കടപ്പാടുണ്ടായിരുന്നു. പരിശുദ്ധാത്മാവാണ് അവരെ ആക്കിവെയ്ക്കുന്നത്. അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ചു നാം കാണുന്നു (1 തിമൊ. 3:1-7; പ്രവൃ. 20:28). സഭ അവരെ അംഗീകരിച്ച് അനുസരിക്കണം. സ്വന്ത ഇഷ്ടപ്രകാരം എടുക്കേണ്ട സ്ഥാനമല്ല ഇത്. വളരെ ഭയത്തോടും ദൈവാശ്രയത്തോടും കൂടെ ചെയ്യേണ്ട ശുശ്രൂഷയാകുന്നു മൂപ്പന്മാരുടെ ശുശ്രൂഷ.

പത്രൊസ് ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയുമായിരുന്നു. പത്രൊസിനു കഷ്ടതയുടെ മദ്ധ്യത്തിൽ വരുവാൻ പോകുന്ന മഹിമയെക്കുറിച്ചുള്ള പ്രത്യാശ ദൈവജനത്തെ പരിപാലിക്കുവാൻ പ്രേരണയും ധൈര്യവും നൽകി. ദൈവജനത്തോട് ഏകീഭവിക്കാത്ത മൂപ്പന്മാർക്ക് അവരെ നയിക്കുവാനോ പരിപാലിക്കുവാനോ കഴിയുന്നതല്ല. വിശ്വാസികൾ ദൈവത്തിന്റെ ആട്ടിൻകൂട്ടമാണ്. ദൈവത്തിന്റെ ഉടമസ്ഥാവകാശത്തിലുള്ള ആട്ടിൻകൂട്ടത്തെ പരിപാലിക്കുവാൻ വേണ്ടിയാണ് ഇടയന്മാരെ നിയമിച്ചിട്ടുള്ളത്. സ്വന്ത പരിശ്രമത്താലോ യോഗ്യതകൊണ്ടോ സമ്പാദിക്കാവുന്ന പദവിയല്ല ഇത്. അവർ ദൈവജനത്തെ പരിപാലിക്കണം. ദൈവഹിതപ്രകാരം അതു ചെയ്യണം. വചനാനുസരണം ചെയ്യണം എന്നു സാരം. മനഃപൂർവ്വം അഥവാ ആത്മാർത്ഥതയോടെ ചെയ്യേണ്ട ശുശ്രൂഷയാണ് ഇത്. ഉന്മേഷത്തോടെ ദൈവജനത്തെ പരിപാലിക്കണം. മൂപ്പന്മാർ ഉപദേശത്തിലും ജീവിതത്തിലും മാതൃക ഉള്ളവർ ആയിരിക്കണം.

മൂപ്പന്മാർ അദ്ധ്യക്ഷസ്ഥാനം നിർബന്ധത്താൽ അഥവാ മറ്റുള്ളവരുടെ പ്രേരണയാൽ സ്വീകരിക്കരുത്. മനസ്സില്ലാമനസ്സോടെ ചെയ്യേണ്ട ശുശ്രൂഷയല്ല ഇത്. ദുരാഗ്രഹത്തോടെ ഈ ശുശ്രൂഷ ചെയ്യുവാൻ ഇടയാകരുത്. സാമ്പത്തിക ലാഭം മാത്രമല്ല മറ്റുള്ളവരുടെ അമിതമായ ബഹുമാനം ആഗ്രഹിക്കുന്നതും ഇതിൽ ഉൾപ്പെടും. ദൈവജനത്തിന്റെ ക്ഷേമം അവരുടെ ലക്ഷ്യമായിരിക്കണം. ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവർ ആകരുത്. അധികാര പ്രിയർ ആകരുത് എന്നു സാരം. മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന കർത്താവിന്റെ മാതൃക അനുകരിക്കുന്നവർ ആകണം. ഈ യോഗ്യതകൾ ഉള്ളവർക്കു മാത്രമേ കഷ്ടത സഹിക്കുന്ന ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും പ്രത്യാ ശയുള്ളവരായി ജീവിക്കുവാനും പ്രാപ്തരാക്കുവാൻ കഴികയുള്ളൂ. അവർക്ക് ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രതിഫലം നൽകും. ഇന്ന് ഇടയന്മാർക്കു കിരീടം ഇല്ല. കർത്താവു നൽകുന്ന കിരീടം നിത്യതേജസ്സുള്ളതായിരിക്കും. അഞ്ചു കിരീടങ്ങളെക്കുറിച്ചു പുതിയ നിയമത്തിൽ കാണുന്നു. വാടാത്ത കിരീടം സുവിശേഷവേലയിൽ പോരാടി ജയിക്കുന്നവർക്കുള്ളതാണ് (1 കൊരി. 9:25). പ്രശംസാ കിരീടം ആത്മാക്കളെ നേടുന്നവർക്കു ലഭിക്കുന്നു (1 തെസ്സ. 2:19). നീതിയുടെ കിരീടം കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ചു വിശ്വസ്തതയോടെ ജീവിക്കുന്നവർക്കുള്ളതാണ് (2 തിമൊ. 4:8). തേജസ്സിന്റെ കിരീടം വിശ്വസ്തരായി ദൈവജനത്തെ പരിപാലിക്കുന്നവർക്കു ലഭിക്കുന്നു (1 പത്രൊ. 5:4). ജീവന്റെ കിരീടം മരണപര്യന്തം പരീക്ഷ സഹിക്കുന്നവർക്കുള്ളതാകുന്നു (യാക്കോ. 1:12). ഈ കിരീടങ്ങൾ ഭൗതിക കിരീടങ്ങൾക്കു സമമാണോ? ഭാര്യ ഭർത്താവിനും, മക്കളുടെ മക്കൾ വൃദ്ധന്മാർക്കും കിരീടം എന്നു കാണുന്നു (സദൃ. 12:4; 17:6). ഇവിടെ സ്ത്രീ ഭർത്താവിനു മഹത്വവും കൊച്ചുമക്കൾ വൃദ്ധന്മാർക്കു സന്തോഷവും നൽകുന്നു എന്ന ആശയമാണ് ഉള്ളത്. കർത്താവിനെ സ്നേഹിക്കയും സേവിക്കയും ചെയ്യുന്നവർ അവനു മഹത്വം നൽകുന്നവരും സന്തോഷത്തിനു കാരണവും ആകും എന്നുള്ള ചിന്ത നമ്മെ താഴ്മയുള്ളവർ ആക്കണം. ആ ശ്രേഷ്ഠ ഇടയനെ സേവിക്കുന്നത് എത്ര ഭാഗ്യമാകുന്നു.

### വിശ്വാസികൾ തമ്മിൽ തമ്മിൽ കീഴടങ്ങണം (5:5-7)

വിശ്വാസികൾക്കു മൊത്തത്തിൽ നൽകുന്ന പ്രബോധനമാണ് ഇവിടെ കാണുന്നത്. ഇളയവർ എന്ന വാക്കു സഭയിലെ എല്ലാ അംഗങ്ങളേയും ഉൾ ക്കൊള്ളിക്കുന്നു. അവർ മൂപ്പന്മാർക്കു കീഴടങ്ങുന്നതുപോലെ അന്യോന്യവും കീഴടങ്ങുന്നവർ ആകണം. അത് ആത്മീയത്വത്തിന്റെ തെളിവാകുന്നു. ദൈവമക്കൾ താഴ്മയുള്ളവർ ആകണം. ക്രിസ്തുവിന്റെ ജീവിതം അതിനു മാതൃകയായിരുന്നു (യോഹ. 13). അന്യോന്യം കീഴ്പ്പെടുന്നവർ അന്യോന്യം ബഹുമാനിക്കുന്നവർ ആകും. അവർ ഏതു കാര്യവും സന്തോഷത്തോടെ ചെയ്യുവാൻ മനസ്സുള്ളവരാകും. ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു. താഴ്മയുള്ളവർക്കു കൃപ നൽകുന്നു (സദൃ. 3:34). താഴ്മയെ ബലഹീനതയായി ഗണിച്ചു പരിഹസിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. താഴ്മ യുള്ളവരെ ദൈവം തക്കസമയത്ത് ഉയർത്തും. അതാണ് അവർക്കു ലഭിക്കുന്ന കൃപ. ദൈവത്തിന്റെ ബലമുള്ള കൈകളാൽ ഉയർത്തപ്പെട്ടാൽ ആർക്കും താഴ്ത്തുവാൻ കഴികയില്ല. നാം സ്വയം ഉയർത്തുന്നവർ ആകരുത്. കർത്താവിന്റെ കരങ്ങളിൽ താണിരിക്കുന്നവർ

അനുഗ്രഹിക്കപ്പെടും. ദൈവമക്കൾ ലോകചിന്തകളാൽ വ്യാകുലപ്പെടുന്നവർ ആകരുത്. നമ്മുടെ ദൈവം നമുക്കു വേണ്ടി വിചാരപ്പെടുകയും കരുതുകയും ചെയ്യുന്നു (സങ്കീ. 40:5,6). നമ്മുടെ ഭാരങ്ങളും ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊണ്ട് ആശ്വാസവും സമാധാനവും ഉള്ളവരാകുവാൻ കർത്താവ് ആഹ്വാനം ചെയ്യുന്നു. ഈ പരി ജ്ഞാനം ഇല്ലാത്തവരായി ഭാരപ്പെടുന്ന അനേകർ ഉണ്ട്. കർത്താവിന്റെ കരുതലിനെ അംഗീകരിച്ചുകൊണ്ട് അവൻ നൽകുന്ന സമാധാനവും സന്തോഷവും സ്വസ്ഥതയും അനുഭവിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## പിശാചിനോട് എതിർത്തുനില്ക്കുവിൻ (5:8-11)

ക്രിസ്തീയ ജീവിതത്തിൽ പരീക്ഷകളും പോരാട്ടങ്ങളും ഉണ്ട്. സാത്താൻ നമ്മുടെ പ്രതിയോഗിയാകുന്നു. അവന്റെ ആക്രമണത്തിനു നാം ഇരയാകും. അതുകൊണ്ടു സുബോധമുള്ളവരാകണം. നിർമ്മദരായിരിപ്പിൻ എന്ന വാക്കിന്റെ അർത്ഥം അതാണ്. ക്രിസ്തീയ ജീവിതത്തിൽ ചിന്താഹീനരാ കാതെ ഉണർന്നു ജാഗ്രതയുള്ളവരാക ണം. അപ്പോൾ മാത്രമേ വിശ്വാസത്തിൽ സ്ഥിരതയുള്ളവർ ആകുവാൻ കഴികയുള്ളൂ. പിശാചിന്റെ തന്ത്രങ്ങളെക്കു റിച്ചു നാം ബോധവാന്മാർ ആയിരിക്കണം. അവൻ ദൈവമക്കളുടെ ശത്രുവാണ്. സാത്താൻ മഹാസർപ്പം, വെളിച്ചദൂതൻ, അലറുന്ന സിംഹം, അപവാദം പറയുന്നവൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു. അവൻ ദൈവജ നത്തെ വഞ്ചിക്കുന്നവനും, കുറ്റപ്പെടുത്തുന്നവനും, ഉപദ്രവിക്കുന്നവനുമാണ്. ദൈവമുൻപാ കെയും മനുഷ്യമുൻപാ കെയും നമ്മെക്കുറിച്ച് അപവാദം പറയുവാൻ സാത്താൻ വെളിച്ചദൂതന്റെ വേഷം ചമയുന്നവനാണ് (വെളി. 12:9). എന്നാൽ നാം കർത്താവിനുള്ളവർ ആകുന്നു. അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ടു ഭയപ്പെടു വാൻ ആവശ്യമില്ല. ക്രിസ്തീയ ജീവിതത്തിൽ ജയം നൽകുവാൻ കർത്താവ് മതിയായവൻ ആകുന്നു. സാത്താന്റെ അലർച്ച കേട്ടു ഭയപ്പെടേണ്ട ആവശ്യമില്ല. ക്രിസ്തു എന്ന സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് അവനെ നേരിടാം. ദൈവവചനവും പ്രാർത്ഥനയും അതിന് ഒഴിച്ചുകൂടാത്തതാകുന്നു. ലോകത്തിൽ നമുക്കു കഷ്ടവും പരിശോധ നയും ഉണ്ട്. അതിന്റെ മദ്ധ്യത്തിൽ സാത്താന്റെ വായിൽ അകപ്പെടാതെവണ്ണം നമ്മെ സൂക്ഷിക്കുവാൻ കർത്താവ് ശക്തൻ ആകുന്നു. അങ്ങനെ വിശ്വാസത്തിൽ സ്ഥിരതയുള്ളവ രായി നമുക്കു ജീവിക്കാം.

സാത്താന്റെ ആക്രമണം അല്പകാലത്തേക്കു മാത്രമുള്ളതാണ്. എന്നാൽ സർവ്വകൃപാലുവായ ദൈവം നമ്മെ രക്ഷിച്ചിരിക്കുന്നതു നിത്യതേജസ്സിനാണ്. അതുകൊണ്ട് ഈ കഷ്ടം സാരമില്ല. കഷ്ടം സഹിക്കുവാൻ കൃപ ധാരാളം നൽകുവാൻ അവനു കഴിയും. അവൻ നമ്മെ യഥാസ്ഥാനപ്പെടുത്തി കർത്താവിന് ഉപയോഗമുള്ളവരാക്കുന്നു. കൂടാതെ വിശ്വാസത്തിൽ ഇളകിപ്പോകാതെ സ്ഥിരതയുള്ളവരാക്കുവാൻ കർത്താവ് കഴിവുള്ളവനാണ്. അപ്പൊ സ്തലന്മാർ അതിന്റെ സാക്ഷികൾ ആയിരുന്നു (ലൂക്കൊ. 22:31,32; പ്രവൃ. 18:9-11).

## ഉപസംഹാരം (5:12-14)

ഈ ലേഖനം സ്നേഹത്തിന്റെ പ്രബോധനം ആയിരുന്നു. അധികാര ത്തിന്റെ കല്പനയൊന്നും ഇതിൽ കാണു ന്നില്ല. കഷ്ടത സഹിക്കുന്ന വിശ്വാ സികൾ ദൈവത്തിന്റെ സത്യകൃപയിൽ നിൽക്കുന്നവരാണെന്ന് അവരെ ഓർമ്മി പ്പിക്കുവാൻകൂടിയാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. കഷ്ടതയനുഭവിക്കുന്നവർക്കു ദൈവം കൃപ തന്നു സഹായിക്കുവാൻ മനസ്സുള്ളവ നാണ്. ലേഖനം സില്വാനൊസു മുഖാന്തരമാണ് എഴുതിയത്. ശീലാസിന്റെ മറ്റൊരു പേരായിരുന്നു സില്വാനൊസ് എന്നത്. അവൻ വിശ്വസ്ത സഹോദ രൻ എന്ന സാക്ഷ്യം ലഭിച്ചവനായിരുന്നു. ബാബിലോണിലെ സഭ റോമിലെ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധന്മാരുടെ സഭയെ കാണിക്കുന്നു. അവർ സഹ വൃതന്മാ രായിരുന്നു. ആ സഭയ്ക്കു മറ്റു സഭകളുടെമേൽ അധികാരം ഉണ്ടായി രുന്നില്ല. എനിക്കു മകനായ മർക്കൊസ്, യോഹന്നാൻ എന്ന മർക്കൊസായിരുന്നു (പ്രവൃ. 12:25) എന്ന് അഭിപ്രായപ്പെടുന്നു. അവരുടെ വന്ദനം അറിയിച്ചു കൊണ്ടാണ് ലേഖനം ഉപസംഹരിക്കുന്നത്. സ്നേഹചുംബനം അന്യോന്യമുള്ള സ്നേഹത്തെ കാണിക്കുന്നു. ഇന്ന് അത് സഭയിൽ ആചരിച്ചുപോരു ന്നില്ല. ക്രിസ്തുവിലുള്ള സമാധാനം ആശംസിച്ചുകൊണ്ട് ലേഖനം അവസാനി പ്പിച്ചിരിക്കുന്നു. ക്രിസ്തുവിലുള്ളവർക്ക് മാത്രമേ ദൈവസമാധാനം ഉള്ളവരാകുവാൻ കഴികയുള്ളൂ. അത് കഷ്ടത കളിലും അനുഭവിക്കുവാൻ കഴി യുന്ന സമാധാനമാണ്. പ്രിയ സ്നേഹിതാ, താങ്കൾ ആ സമാധാനം അനുഭവി ക്കുന്നുണ്ടോ? ഇന്നുതന്നെ ക്രിസ്തുവിൽ വിശ്വസിച്ച് ദൈവത്തോടും ദൈവസമാധാനവും ഉള്ളവനാകുക. കർത്താവ് സഹായിക്കട്ടെ.

* * *